"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട അങ്ങാടിയ്ക്കൽ എസ്.എൻ.വി.എച്ച്.എസ്.എസ്. & വി.എച്ച്.എസ്. സ്കൂളിലെ ക്ലർക്കായിരുന്ന ശ്രീ.വി.ആർ. ജ്യോതികുമാർ ഫയൽ ചെയ്ത WP(C) 6703/2020, 17120/2023, 28966/2023 നമ്പർ റിട്ട് ഹർജികളിന്മേൽ യഥാക്രമം 22.03.2023, 30.05.2023, 12.09.2023 തീയതികളിൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായങ്ങൾ പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4434/2025/GEDN തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:-

1. റിട്ട് ഹർജി നം.6703/2020 നമ്പർ റിട്ട് ഹർജിയിന്മേൽ 22.03.2023 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
2. റിട്ട് ഹർജി നം.17120/2023 നമ്പർ റിട്ട് ഹർജിയിന്മേൽ 30.05.2023 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
3. റിട്ട് ഹർജി നം.28966/2023 നമ്പർ റിട്ട് ഹർജിയിന്മേൽ 12.09.2023 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.12.2023, 29.04.2025 എന്നീ തീയതികളിലെ ഡിജിഇ/19472/2023-ആർ1 നമ്പർ റിപ്പോർട്ടുകൾ

**ഉത്തരവ്**

എസ്.എൻ. വി.എച്ച്.എസ്.എസ്. & വി.എച്ച്.എസ്.എസ്. അങ്ങാടിയ്ക്കൽ സ്കൂളിൽ 02/02/1987 മുതൽ 31/05/2023 വരെ ക്ലർക്കായി സേവനമനുഷ്ഠിച്ച ശ്രീ വി. ആർ. ജ്യോതികുമാർനെതിരായി ടി സ്കൂളിൽ 2005 മെയ് മാസത്തിൽ ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ സ്ക്വാഡ് നടത്തിയ പരിശോധനയിൽ SC/ST/OBC വിദ്യാർത്ഥികൾക്ക് 2001 മുതൽ 2005 വരെ വിതരണം ചെയ്ത ലംപ്സംഗ്രാന്റ് തുകയിൽ ക്രമക്കേട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാളെ സസ്പെൻഡ് ചെയ്യുകയും മറ്റ് അച്ചടക്ക നടപടികൾക്ക് വിധേയനാക്കുകയും ചെയ്തിരുന്നു. 31.05.2023ൽ സേവനത്തിൽ നിന്നും വിരമിച്ച ഹർജ്ജിക്കാരന് പ്രൊവിഷണൽ പെൻഷൻ അനുവദിക്കണമെന്നും അച്ചടക്ക നടപടി പുനപരിശോധിക്കണമെന്നും മറ്റുമുള്ള ആവശ്യങ്ങളുന്നയിച്ച് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 17120/2023, WP(C) No.6703/2020, WP(C) No.28966/2023 നമ്പർ റിട്ട് പെറ്റിഷനുകളിലെ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ വി. ആർ. ജ്യോതികുമാറിനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേൾക്കുകയുണ്ടായി.

**WP(C) No.17120/2023 നം റിട്ട് പെറ്റീഷനിലെ 30.05.2023ലെ വിധിന്യായം**

WP(C) No.17120/2023 നം റിട്ട് പെറ്റീഷനിലെ 30.05.2023ലെ വിധിന്യായ പ്രകാരം,

ശ്രീ.ജ്യോതികുമാർ സമർപ്പിച്ച 09.05.2023ലെ റിവിഷൻ ഹർജി തീർപ്പാക്കണമെന്ന നിർദ്ദേശമാണ് സർക്കാരിൽ ലഭിച്ചത്. ടിയാന്റെ 03.10.2008 മുതൽ 23.05.2009 വരെയുള്ള സസ്പെൻഷൻ കാലം 76 ദിവസം H P L ആയും 1 5 7 ദിവസം L W A ആയും ക്രമീകരിച്ച് അതിനനുസൃതമായി ശമ്പളം നിർണ്ണയിച്ചുകൊണ്ട് 24.03.2023 തീയതിയിലെ ബി3/6322/2021 നമ്പർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്യണമെന്നും, ജനുവരി 2022 മുതലുള്ള ശമ്പളവും ആനുകൂല്യങ്ങളും നൽകണമെന്നും, 31.05.2023ൽ സേവനത്തിൽ നിന്നും വിരമിക്കുന്ന ഹർജ്ജിക്കാരന് പ്രൊവിഷണൽ പെൻഷൻ അനുവദിക്കണമെന്നും, ജില്ലാ വിദ്യാഭ്യാസ ഓഫീസ് കേന്ദ്രീകരിച്ചു നടന്നിട്ടുള്ള നിയമവിരുദ്ധ പ്രവർത്തികൾക്കെതിരെ ഡിപ്പാർട്ട്മെന്റ് വിജിലൻസ് അന്വേഷണം നടത്തണമെന്നുമാണ് റിവിഷൻ ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്.

4. ഹർജിക്കാരൻ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ ചുവടെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു.

5. ഹർജിക്കാരന്റെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്.

പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിലുള്ള അങ്ങാടിയ്ക്കൽ തെക്ക് എസ്.എൻ.വി.എച്ച്.എസ്.എസ്. & വി.എച്ച്.എസ്.എസ്.ൽ 02.02.1987 മുതൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടി സ്കൂളിൽ 2005 മെയ് മാസം പത്തനംതിട്ട ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ സ്ക്വാഡ് നടത്തിയ പരിശോധനയിൽ ലംപ്സംഗ്രാന്റ് തുക വിതരണവുമായി ബന്ധപ്പെട്ട് സ്കൂൾ പ്രിൻസിപ്പാളിനും ക്ലാർക്കിനുമെതിരെ നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്യുകയുണ്ടായി. എന്നാൽ സ്കൂൾ പ്രിൻസിപ്പാൾ 31.03.2008 ന് സർവ്വീസിൽ നിന്ന് വിരമിച്ച സാഹചര്യത്തിൽ ടിയാനെ ഒഴിവാക്കി 03.10.2008 മുതൽ ക്ലാർക്കായ തന്നെ സ്കൂൾ മാനേജർ സസ്പെൻഡ് ചെയ്യുകയും പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാനേജരുടെ നടപടി അംഗീകരിക്കുകയും തുടർന്ന് കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 75 അനുസരിച്ചുള്ള അന്വേഷണ നടപടി അവസാനിക്കുന്നതുവരെയോ 6 മാസത്തേക്കോ സസ്പെൻഷനിൽ നിർത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ 03.05.2009 ലെ നമ്പർ 41308/റ്റി-1/2008/പൊ.വി.വ. കത്ത് പ്രകാരം തനിക്കെതിരായുള്ള മുഴുവൻ അച്ചടക്ക നടപടികളും നിർത്തിവെയ്ക്കാൻ നിർദ്ദേശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ മാനേജർക്ക് നിർദ്ദേശം നൽകുകയും അതിൻപ്രകാരം 24.05.2009 മുതൽ ജോലിയിൽ പുനഃപ്രവേശിക്കുകയും ചെയ്തു.

എന്നാൽ ലംപ്സംഗ്രാന്റ് വിതരണത്തിൽ ക്രമക്കേട് നടന്നതായുള്ള പരാതി, പരാതിക്കാർ വീണ്ടും പോലീസ് വിജിലൻസിൽ നൽകിയതിനെ തുടർന്ന് വിജിലൻസ് അന്വേഷണം നടക്കുകയും ആയതിൻപ്രകാരം വകുപ്പുതല നടപടിയും സർക്കാരിനുണ്ടായ നഷ്ടമായ 5304/- രൂപ പലിശ സഹിതം ഈടാക്കുവാനും വിജിലൻസ് വകുപ്പ് ശുപാർശ ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് തീർപ്പാക്കി റിപ്പോർട്ട് ചെയ്യാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് നഷ്ടപ്പെട്ട തുകയായ 5304/- രൂപയുടെ പലിശ ഇനത്തിൽ 7,000/- രൂപയും തന്നിൽനിന്നും ഈടാക്കിയിരുന്നു. എന്നാൽ ഇതിൻപ്രകാരം വകുപ്പുതല അച്ചടക്ക

നടപടികളൊന്നും സ്വീകരിച്ചില്ല. 22.09.2018ൽ വിദ്യാഭ്യാസ ഡയറക്ടർ സ്കൂൾ മാനേജരോട് അച്ചടക്ക നടപടി പൂർത്തീകരിച്ച് സസ്പെൻഷൻകാലം ക്രമീകരിച്ചു റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടു.

ഇതിനിടയിലാണ് വിജിലൻസ് അന്വേഷണ റിപ്പോർട്ട് 2015 ൽ തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണലിൽ സമർപ്പിക്കുകയും ടി കേസ് വീണ്ടും തുറക്കപ്പെടുകയും (re-open) ചെയ്തു. തുടർന്നാണ് ഇ.സി.04/2015 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് വിചാരണ നടപടികൾ ആരംഭിക്കുകയും 31.03.2021 ൽ അന്തിമ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുള്ളത്.

കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 75 വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള അന്വേഷണ നടപടികളോ വകുപ്പുതല അച്ചടക്ക നടപടികളോ ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യാതിരിക്കുകയും സസ്പെൻഷൻ റിവ്യൂ ചെയ്ത് 6 മാസത്തിനു ശേഷം ദീർഘിപ്പിച്ചു നൽകാതിരിക്കുകയും ചെയ്ത സാഹചര്യത്തിലും കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 67(8)എ പ്രകാരം സസ്പെൻഷൻ റദ്ദ് ചെയ്ത് സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും ഇതിനോടകം കുറ്റവിമുക്തനാക്കി സസ്പെൻഷൻ തീയതി മുതൽ പ്രാബല്യത്തിൽ സർവ്വീസിൽ പ്രവേശിക്കുന്നതിന് അനുമതി നൽകി 16.09.2019 ലെ 29/2018 നമ്പർ ഉത്തരവ് മാനേജർ പുറപ്പെടുവിച്ചു. ഇപ്രകാരം കുറ്റവിമുക്തനാക്കി സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുള്ളതിനാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം (കെ.എസ്.ആർ. ചട്ടം 56 ബി (3) കെ.ഇ.ആർ അദ്ധ്യായം 14എ ചട്ടം 91) സസ്പെൻഷൻ തീയതി മുതൽ ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതാണെ ന്നമാണ്. 03.10.2008 മുതൽ 23.05.2009 വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രമപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവായിട്ടുള്ളത്.

ഇപ്രകാരം സസ്പെൻഷൻ കാലയളവ് ക്രമപ്പെടുത്തി ഉത്തരവായ സാഹചര്യത്തിൽ 2009 മുതലുള്ള വാർഷിക ഇൻക്രിമെന്റുകൾ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ (2009, 2014) സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷനുകൾ എന്നിവ അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ഉചിതമാർഗ്ഗേന 19.09.2019ൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചു. ടി പ്രൊപ്പോസലിൽ യാതൊരു തീരുമാനവും കൈക്കൊള്ളാതെ വന്ന സാഹചര്യത്തിലാണ് ടി അപേക്ഷയിൽ തീർപ്പു കൽപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് 03.12.2019-ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറി മുമ്പാകെ നിവേദനം സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ W.P.(C) 35598/2019 നമ്പർ കേസ് ഫയൽ ചെയ്യുകയും 20.12.2019ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ സസ്പെൻഷനാധാരമായ വിഷയത്തിൽ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ കോടതിവിധികളുടെ അടിസ്ഥാനത്തിൽ സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നത് എന്നതിനാൽ ശ്രീ.വി.ആർ.ജ്യോതികുമാറിന്റെ സസ്പെൻഷൻ കാലയളവ് ടിയാനെതിരായുള്ള തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണലിൽ ഇ.സി. 4/2015 നമ്പർ കേസിന്റെ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ ക്രമീകരിക്കാനാവൂ എന്നതിനാൽ പരാമർശം 2 നിവേദനത്തിലെ ആവശ്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന പരാമർശത്തോടെ നിവേദനം തീർപ്പാക്കി സ.ഉ.(സാധാ) നം. 1653/2021/പൊ.വി.വ. തീയതി 16.02.2021 പുറപ്പെടുവിച്ചു. ടി ഉത്തരവിലും 2009 മുതലുള്ള വാർഷിക ഇൻക്രിമെന്റുകളും ശമ്പളവും അനുവദിക്കരുതെന്ന് നിർദ്ദേശമില്ല.

03.10.2008-ൽ സസ്പെൻഷനിലാകുന്ന തീയതിയിൽ (01.07.2008) ലഭിച്ചിരുന്ന 8390-13270 ശമ്പളസ്കെയിലിൽ 9590/- രൂപയാണ് 24.05.2009ൽ സർവ്വീസിൽ തിരികെ പ്രവേശിച്ചതിനു ശേഷവും അടിസ്ഥാന ശമ്പളമായി അനുവദിച്ചുപോന്നത്. വിജിലൻസ് ട്രിബ്യൂണലിൽ കേസ് നിലനിൽക്കുന്ന കാരണത്താൽ തനിക്ക് അർഹമായ 01.07.2009 മുതലുള്ള ഇൻക്രിമെന്റുകളും ശമ്പള പരിഷ്കരണ ആനുകൂല്യങ്ങളും സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷനുകളും തടഞ്ഞുവയ്ക്കാനോ (withholding) പര്യാപ്തനായ അധികാരികളിൽ നിന്നും യാതൊരുവിധ നിർദ്ദേശമോ ഉത്തരവോ നിലവിലില്ലായിരുന്നു എന്നതിനാൽ ഇൻക്രിമെന്റുകൾ അനുവദിക്കാതിരുന്നത് KSR Part 1, ചട്ടം 31 നോട്ട് 2-ലെ വ്യവസ്ഥകളുടെ ലംഘനമാണ്.

ഇപ്രകാരം 2004 ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പള സ്കെയിലിൽ തുടർന്നു വന്നിരുന്നതിനാലും 2014 ലെ ശമ്പള പരിഷ്കരണം അനുവദിക്കാതിരുന്നതിനാലും 2020 ജനുവരി മുതൽ പ്രീ റിവൈസ്ഡ് സ്കെയിലിൽ സ്പാർക്ക് മുഖേന ശമ്പളം തയ്യാറാക്കാൻ തടസ്സം നേരിടുകയും 2021 ജനുവരി മുതൽ ശമ്പളം ലഭിക്കാതാകുകയും ചെയ്തു. മേൽ വിവരിച്ച സാഹചര്യത്തിൽ ശമ്പളം ലഭിക്കുന്നതിനായി ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ 6703/2020 നമ്പർ റിട്ട് ഹർജി സമർപ്പിച്ചു. തുടർന്ന് സ്പാർക്കിലെ തടസ്സങ്ങൾ നീക്കി അടിസ്ഥാന ശമ്പളം 9590 രൂപ നിരക്കിൽ 2021 ഡിസംബർ മാസം വരെ ലഭിക്കുകയുണ്ടായി. അതിനാൽ ടി കേസ് പെൻഡിംഗ് ആയി. വീണ്ടും മേൽപറഞ്ഞ കാരണത്താൽതന്നെ 13.09.2020-ലെ G.O.(P) No.75/2021/Fin. ഉത്തരവ് അനുസരിച്ച് പ്രീറിവൈസ്ഡ് സ്കെയിലിൽ തുടരുന്ന ജീവനക്കാരുടെ ശമ്പളം 2021 ഡിസംബർ വരെ മാത്രമേ ലഭിക്കുകയുള്ളു എന്ന വ്യവസ്ഥ മൂലം 2022 ജനുവരി മുതൽ വിരമിക്കൽ തീയതി വരെ (31.05.2023 വരെ) 17 മാസക്കാലം പൂർണ്ണമായി ശമ്പളം ലഭിക്കാതെ സേവനത്തിൽ തുടരേണ്ട സാഹചര്യം സൃഷ്ടിക്കപ്പെട്ടു.

മേൽ വിവരിച്ച പ്രകാരമുള്ള സാഹചര്യം നിലനിൽക്കെ ബഹുമാനപ്പെട്ട വിജിലൻസ് ട്രിബ്യൂണൽ 30.03.2021-ൽ സർക്കാർ മുമ്പാകെ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൻമേൽ (G.O.(MS) No. 85/2018/Vig dt. 17.05.2018) തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് ജില്ലാ വിദ്യാഭ്യാസ ആഫീസർ മാനേജർക്ക് നൽകിയ No.B3/6322/2021 dt. 22.02.2022-ലെ കത്തിന്റെ അടിസ്ഥാനത്തിൽ KER അദ്ധ്യായം 14 ചട്ടം 65(ii) പ്രകാരം ഒരു ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് താൽക്കാലികമായി തടഞ്ഞുകൊണ്ട് 05.05.2022-ൽ മാനേജർ ഉത്തരവായിട്ടുള്ളത്. ടി ഉത്തരവിൽ ഇൻക്രിമെന്റ് തടഞ്ഞതിന്റെ പ്രാബല്യ തീയതി വ്യക്തമാക്കപ്പെട്ടിട്ടില്ല.

16.02.2021 ലെ സർക്കാർ ഉത്തരവിൽ വിജിലൻസ് ട്രിബ്യൂണലിലെ കേസിന്റെ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ സസ്പെൻഷൻ കാലയളവിലെ സർവ്വീസ് ക്രമീകരിക്കാനാവൂ എന്ന് മാത്രമാണ് വ്യക്തമാക്കിയിരുന്നത്. എന്നാൽ വിജിലൻസ് ട്രിബ്യൂണലിന്റെ റിപ്പോർട്ടിൽ "Kerala Civil Service (Classification, control and appeal) Rule ii(i) iii പ്രകാരം 2 വർഷത്തേക്ക് താൽക്കാലികമായി ഇൻക്രിമെന്റ് തടഞ്ഞുകൊണ്ടുള്ള ശിക്ഷ ചുമത്തുന്നതിന് മാത്രമാണ് ശുപാർശ ചെയ്തിട്ടുള്ളത്.

വിജിലൻസ് ട്രിബ്യൂണലിന്റെ റിപ്പോർട്ടിനു മുമ്പായി സസ്പെൻഷൻ റദ്ദ് ചെയ്തു സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുകയും 03.10.2008 മുതൽ 23.05.2009 വരെയുള്ള സസ്പെൻഷൻ കാലയളവ് KSR Part I ചട്ടം 56(B)3 Rule 91 Chapter 14A, KER എന്നീ ചട്ടങ്ങളിലെ

വ്യവസ്ഥപ്രകാരം ഡ്യൂട്ടിയായും എല്ലാ സർവ്വീസ് ആനുകൂല്യത്തോടെയും ക്രമീകരിച്ച് ഉത്തരവായിരുന്നതും ആയത് അംഗീകാരത്തിനായി 2019 മുതൽ D.E.O.യുടെ പരിഗണനയിലും ആയിരുന്നു.

മാനേജരുടെ M-1/2022 തീയതി 05.05.2022 ഉത്തരവ്വ പ്രകാരം ഒരു ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് താൽക്കാലികമായി തടഞ്ഞുകൊണ്ട് ശിക്ഷ നടപ്പിലാക്കിയിട്ടും ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് തൃപ്തി പോരാഞ്ഞിട്ട് 03.10.2020-ലെ B3/6322/2021-ലെ കത്തു പ്രകാരം ഉത്തരവിൽ വേലവിലക്കുകാലം എങ്ങനെ ക്രമീകരിച്ചു എന്ന് വ്യക്തമാക്കണമെന്ന് മാനേജരോട് ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് റദ്ദാക്കപ്പെടാതെ തന്നെ സസ്പെൻഷൻ കാലയളവ് (03.10.2008 മുതൽ 23.05.2009 വരെ) അർഹതയുള്ള പരിവർത്തനാവധി/ അർദ്ധ വേതനാവധി ഇവ രണ്ടുമല്ലെങ്കിൽ ശൂന്യവേതനാവധി എന്നിങ്ങനെ പരിഗണിച്ച് 08.10.2022-ൽ മാനേജർ ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവിന്മേൽ KER അദ്ധ്യായം 14A ചട്ടം 80 പ്രകാരം 17.10.2020ൽ D.E.O. മുമ്പാകെ അപ്പീൽ സമർപ്പിച്ചു. അപ്പീലിന്മേൽ നാളിതുവരെ തീരുമാനം എടുക്കാൻ D.E.O. തയ്യാറാകാതിരുന്നതിനാൽ ടി ഉത്തരവിന്മേൽ KER അദ്ധ്യായം 14 ചട്ടം 92 പ്രകാരം 22.11.2022-ൽ സർക്കാർ മുമ്പാകെ റിവിഷൻ ഹർജി സമർപ്പിച്ചു. അപ്പീലുകൾ നിലനിൽക്കേയാണ് മാനേജരുടെ ചട്ടവിരുദ്ധമായ ഉത്തരവിന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ 13.01.2023 ലെ B3/6322/2021 നമ്പർ ഉത്തരവ്വ പ്രകാരം അംഗീകാരം നൽകിയിരിക്കുന്നത്. ടി ഉത്തരവിന്മേൽ 07.02.2023 ഉത്തരവിൽ KER അദ്ധ്യായം 14A ചട്ടം 92 പ്രകാരം സർക്കാർ മുമ്പാകെ റിവിഷൻ ഹർജി സമർപ്പിച്ചു. റിവിഷൻ ഹർജിയിന്മേൽ നാലു മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിക്കൊണ്ട് നേരത്തെ പരാമർശിച്ചിരുന്ന ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ തീർപ്പാകാതിരുന്ന WP(C) No.6703/2020 നമ്പർ കേസിന്മേലുള്ള 22.03.2023 തീയതിയിലെ വിധിന്യായം പുറപ്പെടുവിച്ചു. ഇതിൽ നാളിതുവരെ തീരുമാനമായിട്ടില്ല.

പ്രഥമാദ്ധ്യാപിക മാനേജരുടെ ഉത്തരവും D.E.O.യുടെ ഉത്തരവും ഏകപക്ഷീയമായി നടപ്പിലാക്കി സസ്പെൻഷൻ കാലയളവ് (03.10.2008 മുതൽ 23.05.2009 വരെ) 233 ദിവസം അതായത് 76 ദിവസം അർദ്ധ വേതനാവധിയായും 157 ദിവസം ശൂന്യവേതനാവധിയായും ക്രമീകരിച്ച് അംഗീകാരത്തിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും അതോടൊപ്പം മുമ്പ് (2007 ലും 2008 ലും) മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പര്യാപ്തനായ അധികാരി അനുവദിച്ച കാലയളവിലെ അവധികൾക്ക് ആധാരമായ മെഡിക്കൽ സർട്ടിഫിക്കറ്റ് സേവന പുസ്തകത്തിൽ പതിച്ചിട്ടില്ലാത്തതിനാൽ നോൺ ഡ്യൂട്ടിയായി ജില്ലാ വിദ്യാഭ്യാസ ഓഫീസറും ഏകപക്ഷീയമായി തീരുമാനം എടുക്കുകയും അതിനനുസൃതമായി 01.07.2009 മുതലുള്ള ശമ്പളവും തിട്ടപ്പെടുത്തി ബി3/6322//2021/തീയതി 24.03.2021 ഉത്തരവ് പുറപ്പെടുവിച്ചു.

സസ്പെൻഷൻ കാലയളവ് 76 ദിവസം അർദ്ധ വേതനാവധിയായും 157 ദിവസം ശൂന്യവേതനാവധിയായും അനുവദിച്ചത് അവധി അപേക്ഷ കൂടാതെയാണ്. ഇതിനു പുറമെ 157 ദിവസത്തെ ശൂന്യവേതനാവധി അനുവദിക്കുന്നതിന് ചട്ടപ്രകാരം പ്രഥമാദ്ധ്യാപികയ്ക്ക് അധികാരമില്ലാത്തതുമാണ്. ഇതിനും പുറമെയാണ് 2007-ലും 2008-ലും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പര്യാപ്തനായ അധികാരി ബോദ്ധ്യപ്പെട്ട് അനുവദിച്ച 376 ദിവസത്തെ ശൂന്യവേതനാവധിയും നോൺ ഡ്യൂട്ടിയായി ഇപ്പോൾ ഡി.ഇ.ഒ. ഏകപക്ഷീയമായി

ക്രമീകരിച്ച് ഉത്തരവായിരിക്കുന്നത്. ഇപ്രകാരം 2007-ലും 2008-ലും തീർപ്പാക്കിയ കേസ് (settled case) റീഓപ്പൺ ചെയ്ത് നോൺ ഡ്യൂട്ടിയായി കണക്കാക്കിയിരിക്കുന്നത് ചട്ടവിരുദ്ധമാണ്. ബി3/6322//2021/തീയതി 24.03.2021 ഉത്തരവിൽ ശമ്പള നിർണ്ണയം അനുവദിച്ചിരിക്കുന്നതിലും അപാകതകൾ വരുത്തിയിട്ടുണ്ട്. ഉദാഹരണത്തിനായി രണ്ടാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് അർഹമാകുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത് 31.07.2010 തീയതിയാണ്. ഇൻക്രിമെന്റ് തീയതി 01.08.2010ലും ആണ്. സ.ഉ.(പി) നം.85/2011/ഫിൻ/തീയതി 26.02.2011 പ്രകാരം അടുത്ത ഇൻക്രിമെന്റ് തീയതിയായ 01.08.2010ലേക്ക് ഓപ്ഷൻ നൽകുന്നതിന് അനുമതിയുള്ളതാണ്. ഈ അവകാശം പരിഗണിക്കാതെയും ഓപ്ഷന് അവസരം നൽകാതെയുമാണ് ശമ്പള നിർണ്ണയം നടത്തിയിട്ടുള്ളത്. ഇക്കാരണത്താൽ തന്നെ ക്രമരഹിതമായ ശമ്പള നിർണ്ണയ ഉത്തരവ് പ്രകാരം തന്നെ രണ്ട് ഇൻക്രിമെന്റുകൾ നഷ്ടമായിട്ടുണ്ട്.

ശമ്പള നിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിരമിച്ചതിനുശേഷവും 2014 ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിലുള്ള 51,600/- രൂപ അടിസ്ഥാന ശമ്പളം കണക്കാക്കിയാണ് 2022 ജനുവരി മുതലുള്ള ശമ്പളം അനുവദിച്ചു നൽകിയത്. 2008 മുതലുള്ള ശമ്പള കുടിശ്ശികയും 01.07.2019 മുതലുള്ള ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പളവും, നിരവധി നിവേദനങ്ങൾ നൽകിയിട്ടും നാളിതുവരെ അനുവദിച്ചു നൽകിയിട്ടില്ല. ഇക്കാരണത്താൽ പെൻഷൻ ആയതിനുശേഷവും പെൻഷൻ അനുവദിക്കുന്നതിനായി ശരാശരി വേതനം കണക്കാക്കി പെൻഷൻ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള അവസരവും നിഷേധിച്ചിരിക്കയാണ്. ഇത് ജീവിക്കാനുള്ള അവകാശത്തിൻമേലുള്ള കടന്നുകയറ്റമാണ്.

പെൻഷൻ ലഭിക്കുന്നതിന് അതിവിദൂര സാദ്ധ്യതയില്ലെന്നുള്ള ഉത്തമ ബോദ്ധ്യമുള്ളതിനാലാണ് വിരമിക്കുന്നതിന് മുമ്പായി പ്രൊവിഷണൽ പെൻഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 17.03.2023 ൽ നിവേദനം സമർപ്പിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ നമ്പർ ബി1/1369/2021 തീയതി 29.03.2023 കത്ത് പ്രകാരം 31.05.2023-ൽ സേവനത്തിൽ നിന്നും വിരമിക്കുന്ന തനിക്ക് പ്രൊവിഷണൽ പെൻഷൻ അനുവദിച്ചു കിട്ടുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതിനും ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുന്നതിന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ആഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ ടി നിർദ്ദേശം പാലിക്കാൻ ബന്ധപ്പെട്ടവർ തയ്യാറായിട്ടില്ല. ഇക്കാരണത്താൽ വിരമിച്ച് 3 മാസം പിന്നിട്ടിട്ടും പെൻഷന് അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത സാഹചര്യം ബോധപൂർവ്വം സൃഷ്ടിക്കപ്പെട്ടിരിക്കയാണ്. ഏകപക്ഷീയവും ചട്ടവിരുദ്ധവും ക്രമരഹിതവുമായ സർവ്വീസ് ക്രമീകരണവും ശമ്പളനിർണ്ണയവും നടത്തി പുറപ്പെടുവിച്ച ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24.03.2023ലെ ഉത്തരവിനെതിരായിട്ടാണ് 09.05.2023 ൽ സർക്കാർ മുമ്പാകെ റിവിഷൻ ഹർജിയും ബഹു. കേരളാ ഹൈക്കോടതിയിൽ 17120/2023 നമ്പർ റിട്ട് ഹർജിയും ഫയൽ ചെയ്തിട്ടുള്ളത്.

ചട്ടവിരുദ്ധവും ക്രമരഹിതവുമായ ഉത്തരവ് റിവൈസ് ചെയ്ത് അർഹമായ സർവ്വീസും ശമ്പളവും, പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കണമെന്നതാണ് റിവിഷൻ ഹർജിയിലെ ആവശ്യം. ചുവടെ വിവരിക്കുന്ന കാരണങ്ങളാൽ റിവിഷൻ ഹർജിയിലെ മേൽ ആവശ്യം പരിഗണിക്കപ്പെടേണ്ടതാണ്.

(1) ഒന്നാമതായി തനിക്കെതിരായുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി 03.10.2008 മുതൽ

സസ്പെൻഡ് ചെയ്തത് ധനകാര്യപരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. അതിൻപ്രകാരമുള്ള എല്ലാ തുടർനടപടികളും അവസാനിപ്പിച്ച് 24.05.2009 മുതൽ സർവ്വീസിൽ പുനഃപ്രവേശിക്കാൻ അനുവദിച്ചതും ഉത്തരവ് പ്രകാരം സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ചതും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ്. ഉത്തരവിലെ വ്യവസ്ഥകൾ കെ.ഇ.ആർ. അദ്ധ്യായം 14 എ, ചട്ടം 91 കെ.എസ്.ആർ. പാർട്ട്-1 ചട്ടം 56 ബി(3) യിലെ വ്യവസ്ഥകളാൽ സുഭദ്രമാണ്. അതിനാൽ സ്റ്റാറ്റ്യൂട്ടുകളാൽ സുഭദ്രമായ ഉത്തരവ് നിലനിൽക്കെയാണ് നിയമവിരുദ്ധമായ മറ്റൊരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്നതിനാൽ അതിന് അംഗീകാരം നൽകിയ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിയും നിയമപരമായി നിലനിൽക്കുന്നതല്ല.

(2) ചട്ട്രപകാരം തന്നെ കേൾക്കുന്നതിനോ നിവേദനത്തിനുള്ള അവസരം നൽകുകയോ അത്തരം നിവേദനം ഉള്ളതു പരിഗണിച്ച് ലിഖിതമായ കാരണങ്ങൾ രേഖപ്പെടുത്താതെയുമാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അതുപോലെ തന്നെ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുള്ളതാണോ ഉത്തരവ് എന്നുള്ളതിൽ ഒരു പ്രാഥമിക പരിശോധനപോലും നടത്താതെയാണ് ചട്ടവിരുദ്ധമായ ഈ നടപടികൾക്ക് അനുബന്ധം-1 ഉത്തരവ് പ്രകാരം കണ്ണടച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിരിക്കുന്നത്. ഇത് തീർത്തും ചട്ടവിരുദ്ധവും ഏകപക്ഷീയവും അധികാരദുർവിനിയോഗവുമാണ്.

(3) രണ്ടാമതായി പോലീസ് വിജിലൻസിന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം ആരംഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുന്നതിനും തനിക്കെതിരായി വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും ശുപാർശ ഉണ്ടായത്. ടി ശുപാർശയുടെ അടിസ്ഥാനത്തിലാണ് 12304/- രൂപ (5304+7000) തന്നിൽനിന്ന് വസൂലാക്കിയത്. എന്നാൽ പിന്നീട് വകുപ്പുതല നടപടികളോ കെ.ഇ.ആർ. അദ്ധ്യായം 14എ ചട്ടം 75 പ്രകാരമുള്ള നടപടിക്രമങ്ങളോ സ്വീകരിച്ച് അച്ചടക്ക നടപടി തുടർന്നിട്ടില്ല. ഇപ്രകാരം വിജിലൻസ് നടപടികൾ തദവസരത്തിൽ അവസാനിപ്പിക്കുകയാണുണ്ടായത്.

(4) മൂന്നാമതായി മേൽ പ്രതിപാദിച്ച പ്രകാരം വിജിലൻസ് അന്വേഷണം അവസാനിപ്പിച്ചിരിക്കെ പരാതിക്കാരന്റെ സമ്മർദ്ദത്താൽ ടി വിഷയം 2015-ൽ വിജിലൻസ് ട്രിബ്യൂണലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെടുകയും ഇ.സി. 04/2015 നമ്പരായി കേസ് രജിസ്റ്റർ ചെയ്യപ്പെടുകയും നീണ്ട വിചാരണയ്ക്കു ശേഷം 31.03.2021-ൽ സർക്കാരിന് റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തു. വിജിലൻസ് ട്രിബ്യൂണലിന്റെ റിപ്പോർട്ടിനെതിരെ ബഹു.കേരളാ ഹൈക്കോടതിയിൽ W.P.(C) 21863/2022 പ്രകാരം ഹർജി ഫയൽ ചെയ്തിട്ടുള്ളതും ആയത് ഇപ്പോൾ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. ടി റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഒരു ഇൻക്രിമെന്റ് താൽക്കാലികമായി രണ്ടു വർഷത്തേക്ക് തടഞ്ഞു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും അതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുമതി നൽകിയിട്ടുള്ളതും, എന്നാൽ ടി ഉത്തരവിൽ ഇൻക്രിമെന്റ് തടയലിന്റെ പ്രാബല്യതീയതി (Date of effect) വ്യക്തമാക്കിയിട്ടില്ല.

(5) വിജിലൻസ് ട്രിബ്യൂണലിന്റെ റിപ്പോർട്ടിൽ അച്ചടക്ക നടപടിയായി ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് താൽക്കാലികമായി തടയുന്നതിനു മാത്രമേ ശുപാർശ ചെയ്തിട്ടുള്ളൂ എന്നിരിക്കെ തനിക്കെതിരായി സാദ്ധ്യമായ ഏതു പ്രതികാര നടപടിയും സ്വീകരിക്കുന്നതിനുള്ള

ഗവേഷണത്തിലുള്ള സ്കൂൾ മാനേജരുടെ സ്വാധീനത്തിലാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ മുൻ ബി സെക്ഷൻ സൂപ്രണ്ടിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് (ക്വറി) ഉത്തരവിൽ തന്റെ സേവനകാലം ക്രമീകരിച്ചിരിക്കുന്നത് എങ്ങനെയെന്നു വ്യക്തമാക്കാൻ മാനേജരോട് കത്ത് മുഖേന ആവശ്യപ്പെടുന്നതും ഇത് അനുകൂല അവസരമായി കണ്ട് 03.10.2008 മുതൽ 23.05.2009 വരെയുള്ള 233 ദിവസത്തെ സസ്പെൻഷൻ കാലയളവ് 76 ദിവസം അർദ്ധവേതനാവധിയായും 157 ദിവസം ശൂന്യവേതനാവധിയായും പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്. ഇതിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷപോലും സ്വീകരിക്കാതെ തിടുക്കത്തിൽ പ്രഥമാദ്ധ്യാപിക ടി കാലയളവിന് ഏകപക്ഷീയമായും ചട്ടവിരുദ്ധമായും അവധി അനുവദിച്ച് ഉത്തരവായത്. ഇതിന് അംഗീകാരം നൽകിക്കൊണ്ടാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പ്രകാരം സസ്പെൻഷൻ കാലം ക്രമീകരിച്ച് ശമ്പള നിർണ്ണയം നടത്തിയിട്ടുള്ളത്. ഉത്തരവ് മേൽ നടപടി താഴെ വിവരിക്കുന്ന കാരണങ്ങളാൽ പുനഃപരിശോധിക്കപ്പെടേണ്ടതാണ്.

(i) തന്റെ അറിവും അപേക്ഷയും ഇല്ലാതെയാണ് 157 ദിവസത്തെ ശൂന്യവേതനാവധിയും 76 ദിവസത്തെ അർദ്ധ വേതനാവധിയും അനുവദിച്ചിരിക്കുന്നത്. അതിലുപരി 157 ദിവസത്തെ ശൂന്യ വേതനാവധി അനുവദിച്ചിരിക്കുന്നത് പ്രഥമാദ്ധ്യാപികയുടെ അധികാര പരിധിക്ക് പുറത്തുള്ള നടപടിയാണ്. ഈ സാഹചര്യത്തിൽ ഉത്തരവിനെതിരായി പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിച്ചിരുന്ന അപ്പീലും ബഹു. പൊതുവിദ്യാഭ്യാസ സെക്രട്ടറിക്കു സമർപ്പിച്ചിരുന്ന റിവിഷൻ അപ്പീലും പരിഗണിക്കാതെയുമാണ് ഉത്തരവ് പുറപ്പെടുവിച്ച് സർവ്വീസും ശമ്പളവും തെറ്റായി ക്രമീകരിച്ചിരിക്കുന്നത്.

(ii). ഉത്തരവിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ വക പ്രത്യേക സമ്മാനമായി മുൻപ് 2007-ലും 2008-ലും മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അനുവദിച്ച് സേവന പുസ്തകത്തിൽ ആധികാരികമായി രേഖപ്പെടുത്തിയിരുന്ന താഴെ വിവരിക്കുന്ന കാലയളവുകളിലെ ശൂന്യവേതനഅവധി നോൺ ഡ്യൂട്ടിയായി പരിഗണിച്ച് 376 ദിവസത്തെ യോഗ്യസേവനകാലംകൂടി ഇല്ലാതാക്കിയിരിക്കുന്നത്. ഇത് തീർത്തും ചട്ടവിരുദ്ധവും അധികാര ദുർവിനിയോഗവും പ്രതികാര നടപടിയുമാണെന്നതിൽ തർക്കമില്ല.

19.02.2007 - 16.06.2007 - 118 ദിവസം

19.06.2007 - 15.09.2007 - 89 ദിവസം

18.09.2007 - 30.11.2007 - 74 ദിവസം

01.12.2007 - 15.03.2008 - 95 ദിവസം

ആകെ - 376 ദിവസം

(iii) സമയബന്ധിത ഹയർ ഗ്രേഡ് അർഹമാകുന്നത് 31.07.2010 തീയതിയിലാണ്. ക്രമീകരിച്ചിട്ടുള്ള ശമ്പള നിർണ്ണയപ്രകാരം ഇൻക്രിമെന്റ് അർഹമാകുന്നത് 01.08.2010-ലാണ് ടി ഇൻക്രിമെന്റ് അർഹമാകുന്ന തീയതിയിലേക്ക് ഗ്രേഡ് പ്രൊമോഷന് ഓപ്ഷൻ നൽകുന്നതിന് സ.ഉ.(പി) നം.85/2011/ധന/തീയതി 26.02.2011 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം

അർഹതയുണ്ട്. എന്നാൽ ഏകപക്ഷീയമായി, ടി ഓപ്ഷന് അവസരം നിഷേധിച്ചുകൊണ്ട് 31.07.2010 തീയതിയിൽ തന്നെ ഗ്രേഡ് അനുവദിച്ചിട്ടുള്ളതിനാൽ രണ്ട് ഇൻക്രിമെന്റുകൾ 2010 മുതൽ തന്നെ നഷ്ടപ്പെടുത്തിയാണ് ഉത്തരവായിരിക്കുന്നത്. ഇതിന് അംഗീകാരം നൽകിക്കൊണ്ടുള്ള ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് പ്രകാരം എന്റെ സസ്പെൻഷൻ കാലം ക്രമീകരിച്ച് ശമ്പള നിർണ്ണയം അനുവദിച്ചിട്ടുള്ളത്.

(iv) a) തനിക്ക് ഏറ്റവും അവസാനമായി വാർഷിക ഇൻക്രിമെന്റ് അനുവദിച്ചിട്ടുള്ളത് 01.07.2008-ൽ ആണ്. ഒരു ഇൻക്രിമെന്റ് 2 വർഷത്തേക്ക് താൽക്കാലികമായി തടഞ്ഞുകൊണ്ട് മാനേജർ ഉത്തരവ് നൽകിയിട്ടുള്ളത് 05.05.2022 ൽ ആണ്. സ്കൂൾ മാനേജരുടെ ടി ഉത്തരവിന് അംഗീകാരം നൽകിയും (ratification) സേവനകാലയളവ് ക്രമീകരിച്ചുകൊണ്ടും ശമ്പള നിർണ്ണയം നടത്തിക്കൊണ്ടും പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർ ഉത്തരവ് നൽകിയിട്ടുള്ളത് 24.03.2023-ൽ മാത്രമാണ്. വാർഷിക ഇൻക്രിമെന്റ് തടഞ്ഞിട്ടുള്ള പ്രാബല്യതീയതി ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. എന്നാൽ 24.03.2023-ലെ ഉത്തരവിൽ 01.08.2021-ൽ തനിക്ക് ലഭ്യമാകേണ്ട ഒരു വാർഷിക ഇൻക്രിമെന്റ് തടയപ്പെട്ടിരിക്കുന്നു. ഇവിടെ 01.08.2022 ൽ തനിക്ക് നിയമപരമായി ലഭിക്കേണ്ട വാർഷിക ഇൻക്രിമെന്റും തടയപ്പെട്ടിരിക്കുന്നു. ഫലത്തിൽ രണ്ട് ഇൻക്രിമെന്റ് തടയപ്പെട്ടിരിക്കുന്നു.

b) മാനേജരുടെ ഉത്തരവിന് അംഗീകാരം നൽകിക്കൊണ്ടുള്ള ഉത്തരവ് നൽകിയിട്ടുള്ളത് 24.03.2023-ൽ ആണ്. 24.03.2023-ന് ശേഷം തനിക്ക് ഇൻക്രിമെന്റിന് അർഹത ഇല്ല. മാനേജരുടെ ഉത്തരവ് തീയതിക്ക് ശേഷം ഒരു ഇൻക്രിമെന്റ് മാത്രമാണ് ലഭിക്കുന്നത്. അതായത് 01.08.2022 മുതൽ വിരമിക്കൽ തീയതി ആയ 31.05.2023 വരെ ഒരു ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് താൽക്കാലികമായി തടഞ്ഞ് വയ്ക്കുന്നതിനുള്ള സമയവും(കാലം) ലഭ്യമല്ല.

c) തന്റെ പേരിൽ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റകൃത്യം നടന്നിട്ടുള്ളത് 2005ൽ ആണ്. 24.03.2023ൽ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർ നൽകിയിട്ടുള്ള ഉത്തരവിൽ വാർഷിക ഇൻക്രിമെന്റ് മുൻകാല പ്രാബല്യത്തോടുകൂടി തടയണമെങ്കിൽ ആയത് 01.07.2009-ലെ വാർഷിക ഇൻക്രിമെന്റ് ആണ് തടയപ്പെടേണ്ടത്. പകരം 01.08.2021-ലെ വാർഷിക ഇൻക്രിമെന്റാണ് തടഞ്ഞിരിക്കുന്നതെന്ന് കാണാവുന്നതാണ്. ഇവിടെ ഉയർന്ന ഇൻക്രിമെന്റ് തടയുക എന്ന ദുഷ്ടലാക്കോടെയാണ് 2009-ലെ ഇൻക്രിമെന്റ് തടയുന്നതിന് പകരമായി 01.08.2021-ലെ വാർഷിക ഇൻക്രിമെന്റ് മാനേജർ തടഞ്ഞിട്ടുള്ളതും ആയതിന് പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗികാരം നൽകിയിട്ടുള്ളതും, ഇവിടെ സ്കൂൾ മാനേജർ, പ്രഥമാദ്ധ്യാപിക, ജില്ലാ വിദ്യാഭ്യാസ ആഫീസർ, പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ആഫീസിലെ ബി സെക്ഷനിലെ മുൻ ജൂനിയർ സുപ്രണ്ട് എന്നിവർ ചേർന്ന് തനിക്കെതിരെ ഗൂഡാലോചന നടത്തിയിട്ടുണ്ട്.

e) ഉത്തരവ് പ്രകാരം തടഞ്ഞുവെച്ചിട്ടുള്ള ഇൻക്രിമെന്റും പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കപ്പെടേണ്ടതാണ്. കെ.എസ്.ആർ. ഭാഗം (iii) ചട്ടം 63 കുറിപ്പ് (8) ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നു. "വിരമിക്കലിനോ മരണത്തിനോ മുൻപ് സഞ്ചിതമല്ലാത്ത (without cumulative effect) ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കൽ ശിക്ഷ അനുഭവിക്കുകയും വിരമിക്കലിനോ മരണത്തിനോ മുൻപ് അർഹത നേടാതെ തടഞ്ഞുവെക്കപ്പെട്ട ഇൻക്രിമെന്റ് തിരിച്ചു ലഭിക്കാത്തതുമായ ഒരു ജീവനക്കാരന്റെ സംഗതിയിൽ അയാളുടെ പെൻഷൻ സംബന്ധിച്ച ആനുകൂല്യങ്ങൾ അയാളുടെ ഇൻക്രിമെന്റ് തടഞ്ഞുവെച്ചിരുന്നില്ലെങ്കിൽ അയാൾക്ക് അനുവദനീയമാകുമായിരുന്ന

ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ കണക്കു കൂട്ടേണ്ടതാണ്."

f) 01.07.2009ൽ ലഭിച്ചിരുന്ന അടിസ്ഥാന ശമ്പളമായ 2004 ശമ്പള പരിഷ്കരണത്തിലെ 8390-13270 ശമ്പള സ്കെയിലിൽ 9590/- രൂപയാണ് 24.05.2009 ൽ സസ്പെൻഷൻ റദ്ദ് ചെയ്ത് സേവനത്തിൽ പ്രവേശിച്ചതു മുതൽ 2022 ജനുവരി മാസം വരെ ലഭിച്ചിരുന്നത്. ഇക്കാരണത്താൽ 2022 ജനുവരി മുതൽ പ്രീ-റിവൈസ്ഡ് സ്കെയിലിൽ സ്പാർക്ക് മുഖേന ശമ്പളം മാറാനാവാത്ത സാഹചര്യം നിലവിൽ വരികയും 31.05.2023-ൽ വിരമിക്കുന്നതുവരെ ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കാതെ വിരമിക്കേണ്ടിവരികയും ചെയ്തു. ഇത് മനുഷ്യാവകാശ ലംഘനവും സാമാന്യനീതിയുടെ നിഷേധവുമാണ്.

g) 31.05.2023-ൽ സേവനത്തിൽ നിന്ന് വിരമിക്കുന്നതിനാലാണ് പകപോക്കലായി സ്കൂൾ അധികൃതരും ജില്ലാ വിദ്യാഭ്യാസ ഓഫീസും ചേർന്ന് തട്ടിക്കൂട്ടിയ 2009 മുതലുള്ള ശമ്പള നിർണ്ണയം അനുവദിച്ചിരിക്കുന്നത്. ഇതുപ്രകാരം തന്നെ വിരമിക്കൽകാലത്ത് തനിക്ക് ലഭിക്കേണ്ട അടിസ്ഥാന ശമ്പളം (50200-105300) സ്കെയിലിൽ 99,000/- രൂപയാണ്. എന്നാൽ വിരമിച്ച ശേഷം 2014-ലെ 35700-75600 ശമ്പള സ്കെയിലിൽ 51600 രൂപ അടിസ്ഥാന ശമ്പളത്തിൽ 2022 ജനുവരി മുതൽ 31.03.2023 വരെയുള്ള പ്രതിമാസ ശമ്പളം മാത്രം അനുവദിച്ചു നൽകി. 2019-ലെ ശമ്പള പരിഷ്കരണപ്രകാരമുള്ള ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ചു നൽകാത്തതിനാൽ അവസാന 10 മാസത്തെ ശരാശരി വേതനം കണക്കാക്കാനും പെൻഷൻ അപേക്ഷ നൽകാനും കഴിയാത്ത അവസ്ഥ ഇവിടെയും ബോധപൂർവ്വം സൃഷ്ടിച്ചിരിക്കുന്നു.

h) ഇക്കാരണത്താൽ പ്രൊവിഷണൽ പെൻഷൻ അനുവദിക്കണമെന്ന അപേക്ഷയും അതിന്മേൽ വിദ്യാഭ്യാസ ഉപഡയറക്ടർ നൽകിയ നിർദ്ദേശവും പാലിക്കാതെ തുടരുന്നു. പെൻഷൻ അനുവദിക്കുന്നതിന് സഹായിക്കണമെന്ന അപേക്ഷയും പ്രൊവിഡന്റ് ഫണ്ട്, SLI, GIS, ആർജ്ജിതാവധി, സറണ്ടർ എന്നീ ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന അപേക്ഷയും പരിഗണിക്കപ്പെടാതെ കിടക്കുന്നു. സസ്പെൻഷൻ കാലം ക്രമീകരിച്ച് ശമ്പള നിർണ്ണയം പൂർത്തീകരിച്ച് അതിനനുസൃതമായ ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ചു നൽകാൻ ജില്ലാ വിദ്യാഭ്യാസ ആഫീസർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടും ആയത് പാലിക്കപ്പെട്ടിട്ടില്ല. ശമ്പള കുടിശ്ശികയും മറ്റ് ഇതര പെൻഷൻ ആനുകല്യങ്ങളും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 20/07/2023 ൽ അവസാനമായി നൽകിയ അപേക്ഷക്കു മറുപടിയായി 11.08.2023-ൽ പ്രഥമാദ്ധ്യാപിക തനിക്കു നൽകിയ മറുപടിയിൽ "ശമ്പള കുടിശ്ശിക എടുക്കുന്നതിനുള്ള അനുവാദം കിട്ടുന്ന മുറയ്ക്ക് കുടിശ്ശിക നൽകുന്നതാണ്" എന്ന നിഷേധാത്മകമായ മറുപടിയാണ് പ്രഥമാദ്ധ്യാപിക നൽകിയിരിക്കുന്നത്.

ചുവടെ ചേർക്കുന്ന അപേക്ഷകളാണ് ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ളത്.

ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ചുകൊണ്ടുള്ള ഉത്തരവ് നിലനിർത്തുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിക്കുന്നു.

2007, 2008 കാലയളവുകളിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അനുവദിച്ചിട്ടുള്ളതും തീർപ്പാക്കപ്പെട്ടതുമായ, 376 ദിവസത്തെ ശൂന്യവേതനാവധി ഏകപക്ഷീയവും ചട്ടവിരുദ്ധവുമായി

നോൺ ഡ്യൂട്ടിയായി പരിഗണിച്ച നടപടി റദ്ദ് ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

31.07.2010-ൽ അനുവദിച്ചിരിക്കുന്ന സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ തൊട്ടടുത്ത ഇൻക്രിമെന്റ് തീയതിയിലേക്ക് ഓപ്ഷൻ സൗകര്യം അനുവദിച്ച് ഉത്തരവ്വ പുറപ്പെടുവിക്കണമെന്ന് അപേക്ഷിക്കുന്നു.

01.08.2021-ലെയും 01.08.2022-ലെയും ഇൻക്രിമെന്റുകൾ തടഞ്ഞുകൊണ്ടുള്ള നടപടി ചട്ടങ്ങൾക്കു വിധേയമായി പുനഃക്രമീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിക്കുന്നു.

2009 മുതലുള്ള വാർഷിക ഇൻക്രിമെന്റുകൾ, 2009, 2014, 2019 ശമ്പള പരിഷ്കരണം രണ്ടും മൂന്നും സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ എന്നിവപ്രകാരമുള്ള ശമ്പളവും ശമ്പള കുടിശ്ശികയും അനുവദിച്ചു നൽകുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കണം.

പെൻഷൻ, പ്രൊവിഡന്റ് ഫണ്ട്, ഗ്രൂപ്പ് ഇൻഷ്വറൻസ്, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ആർജ്ജിത അവധി സറണ്ടർ എന്നിവ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സവിനയം അപേക്ഷിക്കുന്നു.

2008 മുതൽ ലഭ്യമാക്കേണ്ട ശമ്പളവും തുടർന്നുള്ള ശമ്പള പരിഷ്കരണവും സമയബന്ധിത ഹയർ ഗ്രേഡ് പ്രമോഷൻ പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ യഥാസമയം ലഭ്യമാക്കാതെ ചട്ടവിരുദ്ധമായി ദുഷ്ടലാക്കോടെ നാളിതുവരെ നൽകാതിരുന്നതുമൂലം ഉണ്ടായ മാനസികവ്യഥയ്ക്കും സാമ്പത്തിക നഷ്ടത്തിനും തുല്യമായ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ബഹു. കേരളാ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ ഒടുക്കു വരുത്തി രസീത് ലഭ്യമാക്കണം.

6. പ്രധാനാധ്യാപികയുടെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്

ഈ സ്കൂളിലെ ക്ലർക്ക് ആയിരുന്ന 31/05/2023 ൽ സർവീസിൽ നിന്നും വിരമിച്ച ശ്രീ.വി.ആർ. ജ്യോതികുമാറിന്റെ 03/10/2008 മുതൽ ,23/05/2009 വരെയുള്ള സസ്പെൻഷൻ കാലം 03/10/2008 മുതൽ 17/12/2008 വരെ HPL ആയും 18/12/2008 മുതൽ 23/05/2009 വരെയുള്ള കാലം LWA ആയും ക്രമീകരിക്കാൻ കഴിഞ്ഞത് 15/02/2023-ൽ മാത്രമാണ്. അതിനുശേഷം ശ്രീ.വി.ആർ. ജ്യോതികുമാറിന്റെ ശമ്പളം നിർണയങ്ങൾ നടത്തി 31/05/2023 വരെയുള്ള ശമ്പളം കുടിശ്ശിക ഒഴിച്ച് നൽകി.

13.01.2023 ൽ ആണ് വേലവിലക്ക് കാലം അവധിയായി ക്രമീകരിക്കാൻ ഉത്തരവായത്. വേലവിലക്ക് കാലം ക്രമീകരിക്കുന്നതിനുള്ള അവധി അപേക്ഷകൾ 3 ദിവസത്തിനകം ഹാജരാക്കാൻ ശ്രീ.ജ്യോതികുമാറിന് നിർദ്ദേശം നൽകി. തീയതി 03.02.2022. പ്രിസം മുഖേന പെൻഷൻ അപേക്ഷ സമർപ്പിക്കാൻ ശ്രീ.വി.ആർ.ജ്യോതികുമാറിന് 18/04/2023-ൽ നിർദ്ദേശം നൽകി. പെൻഷൻ ശുപാർശകൾ സമർപ്പിക്കുന്നതിന് ആവശ്യമായ രേഖകൾ സമർപ്പിക്കുവാൻ ശ്രീ.വി.ആർ.ജ്യോതി കുമാറിനോട് നിർദ്ദേശിച്ചു. 11/08/2023ൽ രേഖകൾ സമർപ്പിക്കുവാൻ വീണ്ടും ശ്രീ. വി. ആർ.ജ്യോതി കുമാറിന് നിർദ്ദേശം നൽകി. പെൻഷൻ അപേക്ഷാ രേഖകൾ സമർപ്പിക്കാൻ ശ്രീ.വി.ആർ.ജ്യോതികുമാറിന് 17/08/2022 ൽ തന്നെ കത്ത് മുഖേന നിർദേശം നൽകിയിരുന്നതാണ്. പെൻഷൻ ശുപാർശകൾ സമർപ്പിക്കുവാൻ ശ്രീ.വി.ആർ.ജ്യോതി

കുമാറിന്റെ സഹകരണം തീരെ ഉണ്ടായില്ല. ബന്ധപ്പെട്ട രേഖകൾ ശ്രീ.ജ്യോതികുമാർ ലഭ്യമാക്കാതെ പെൻഷൻ ശുപാർശകൾ സമർപ്പിക്കാൻ ആവില്ല. മാത്രമല്ല മാനേജരുടെ 13/10/2022-ലെ കുറ്റപത്രിക പ്രകാരമുള്ള അച്ചടക്ക നടപടി ഇതേവരെ പൂർത്തിയായിട്ടില്ല. ശ്രീ.വി.ആർ.ജ്യോതികുമാർ ക്ലർക്കായി ജോലി ചെയ്ത കാലയളവിൽ അദ്ദേഹത്തിന്റെ പോലും രേഖകൾ പൂർത്തിയാക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നില്ല. അതിനാൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും പരിപൂർണ്ണ സഹകരണം ഉണ്ടായാൽ മാത്രമേ സമയബന്ധിതമായി പെൻഷൻ ശിപാർശകൾ സമർപ്പിക്കാൻ കഴിയുകയുള്ളൂ. സ്കൂളിൽ ഒരു ക്ലാർക്ക് മാത്രമേ ഉള്ളൂ അത് ശ്രീ.ജ്യോതികുമാറായിരുന്നു. പക്ഷെ സ്കൂളിലെ റെക്കോർഡുകളും മറ്റും ശ്രീ ജ്യോതികുമാർ തയാറാക്കാറില്ലായിരുന്നു. ശ്രീ.ജ്യോതികുമാറിന്റെ സ്കൂളിലെ രേഖകൾ പോലും അദ്ദേഹം തയാറാക്കിയിരുന്നില്ല. ഇപ്പോൾ പുതിയതായി നിയമിച്ച ക്ലർക്കിനെ കൊണ്ടു ശ്രീ ജ്യോതികുമാർ കുടിശ്ശികയാക്കിയ ജോലികൾ മുതൽ ചെയ്യിച്ചു കൊണ്ടിരിക്കുന്നു. താമസംവിനാ കുടിശിഖ ജോലികൾ പൂർത്തിയാക്കി ശ്രീ.ജ്യോതി കുമാറിന്റെ കുടിശ്ശിക ശമ്പളവും വാങ്ങിനൽകുന്നതാണ്. അദേഹത്തിന്റെ സഹകരണം ഇല്ലാതെ പെൻഷൻ ശുപാർശകൾ സമർപ്പിക്കാൻ കഴിയുന്നില്ല. ശമ്പളപരിഷ്കരണ കുടിശ്ശികകൾ അനുവദിക്കുന്ന മുറയ്ക്ക് വാങ്ങി നൽകുന്നതുമാണ്. പെൻഷൻ ആവുന്ന മാസം വരെ (2023 മെയ്) ശമ്പളം നൽകിയിട്ടുണ്ട്.

7. മാനേജരുടെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്

ഈ സ്കൂളിലെ ക്ലർക്കായി 31/05/2023 ൽ സർവീസിൽ നിന്നും വിരമിച്ച ശ്രീ.വി.ആർ.ജ്യോതി കുമാറിനെതിരായി രണ്ട് അച്ചടക്ക നടപടികൾ സ്വീകരിച്ചിരുന്നു.

2001-2005 കാലയളവിൽ SC/ST/OBC കുട്ടികൾക്ക് അർഹതപ്പെട്ട ഗ്രാന്റുകൾ വിതരണം ചെയ്തതിൽ ക്രമക്കേട് കണ്ടെത്തിയതിന്റെ ഫലമായി സ്കൂൾ ക്ലർക്കായ ശ്രീ.വി.ആർ.ജ്യോതി കുമാറിന്റെ പേരിൽ കേരള സിവിൽ സർവീസ് (വിജിലൻസ് ട്രിബ്യൂണൽ) ചട്ടങ്ങൾ 196 ചട്ടം 8(10) പ്രകാരം ഒരു വാർഷിക ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് തടയുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി. അതുപ്രകാരം 05/05/2022-ലെ M1/1/2022 നമ്പർ ഉത്തരവ് പ്രകാരം മാനേജർ ശ്രീ.വി.ആർ.ജ്യോതി കുമാറിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് താൽക്കാലികമായി രണ്ടു വർഷത്തേക്ക് തടഞ്ഞുകൊണ്ട് ഉത്തരവായിരുന്നു.

13/01/2023 ലെ B3/6322/2021നമ്പർ ഉത്തരവ് പ്രകാരം പത്തനംതിട്ട DEO ടി ശിക്ഷ ശരി വയ്ക്കുകയും 03/10/2008 മുതൽ 23/05/2009 വരെയുള്ള ശ്രീ.വി.ആർ. ജ്യോതികുമാറിന്റെ വേലവിലക്ക് കാലം അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുന്നതിന് ഉത്തരവാകുകയും ചെയ്തു.

15/02/2023-ലെ 205/2022-23 ഉത്തരവ് വഴി പ്രഥമ അധ്യാപിക ശ്രീ.വി.ആർ. ജ്യോതികുമാറിന്റെ 03/10/2008 മുതൽ 17/12/2008 വരെയുള്ള 76 ദിവസം HPL ആയും ബാക്കിയുള്ള 157 ദിവസം (18/12/2008 മുതൽ 23/05/2008) വരെ ശൂന്യവേതന അവധിയായും ക്രമീകരിച്ച് ഉത്തരവായിരുന്നു.

25/02/2020ലെ N1/64/2020/പൊ.വി.വ കത്ത് പ്രകാരം ഗവൺമെന്റ് സെക്രട്ടറി സ്കൂളിൽ 2017-18 അധ്യയന വർഷത്തിൽ എസ്.സി സ്കോളർഷിപ്പ് തട്ടിയെടുത്തു എന്ന ആരോപണത്തെ തുടർന്ന് ജില്ലാ ധനകാര്യ സ്ക്വാഡ് നടത്തിയ പരിശോധന റിപ്പോർട്ടിലെ ശുപാർശകളിൻ മേൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ ഡി.ജി.ഇ. യോട്നിർദ്ദേശിക്കുകയുണ്ടായി. തുടർന്ന്

08/06/2020-ലെ VB(5) 8045/2020/ഡി ജി ഇ നമ്പർ കത്ത് പ്രകാരം ഡി.ജി.ഇ. തുടർ നടപടികൾ സ്വീകരിക്കാൻ പത്തനംതിട്ട ഡി.ഡി.ഇ.-യോട് നിർദ്ദേശിക്കുക ഉണ്ടായി.

പത്തനംതിട്ട ഡി.ഇ.ഒ. അതേത്തുടർന്ന് 10/03/2022 ലെ B3/3194/20 നമ്പർ കത്ത് പ്രകാരം ശ്രീ.വി.ആർ.ജ്യോതികുമാറിന്റെ പേരിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ മാനേജരോട് നിർദ്ദേശിക്കുകയുണ്ടായി. അതിനനുസരിച്ച് ശ്രീ.വി.ആർ.ജ്യോതികമാറിന് 13/10/2022-ൽ കുറ്റപത്രികയും കുറ്റാരോപണ പത്രികയും നൽകുകയും 28/10/2022 ൽ ശ്രീ.ജ്യോതികുമാർ പ്രതിവാദപത്രിക സമർപ്പിക്കുകയും ചെയ്തു. ശ്രീ.വി.ആർ.ജ്യോതികുമാറിന്റെ വിശദീകരണങ്ങൾ തൃപ്തികരമല്ലാതിരുന്നതിനാൽ KER അധ്യായം 14A ചട്ടം 75 പ്രകാരം വിശദമായ അന്വേഷണം നടത്തി ചട്ടം 75(9) പ്രകാരം ഉള്ള എൻക്വയറി റിപ്പോർട്ട് ലഭ്യമാക്കുവാൻ മാനേജർ 10/04/2023-ലെ കത്തിലൂടെ പത്തനംതിട്ട ഡി.ഇ.ഒ.യോട് അഭ്യർത്ഥിക്കുകയുണ്ടായി. പക്ഷേ പത്തനംതിട്ട ഡി.ഇ.ഒ.യിൽ നിന്നും തുടർന്ന് യാതൊരു വിവരങ്ങളും ലഭ്യമാവാത്തതിനാൽ അച്ചടക്ക നടപടി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

രണ്ട് അച്ചടക്ക നടപടികളിൽ ആദ്യത്തെ അച്ചടക്ക നടപടികൾ പൂർത്തിയാക്കിയെങ്കിലും രണ്ടാമത്തെ അച്ചടക്ക നടപടി അന്വേഷണ ഘട്ടത്തിൽ മാത്രം എത്തി നിൽക്കുകയാണ് അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ഡി.ഇ.ഒ ലഭ്യമാക്കിയാൽ താമസംവിനാ മാനേജർ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതാണ്.

ശ്രീ.വി.ആർ. ജ്യോതികുമാർ 31/05/2023 ൽ പെൻഷൻ ആയെങ്കിലും അച്ചടക്ക നടപടി പൂർത്തിയാകാത്തതിനാൽ പെൻഷൻ അനുവദിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത് ടിയാന് പ്രൊവിഷണൽ പെൻഷൻ നൽകുന്നതിന് മാനേജർ എന്ന നിലയിൽ തനിക്ക് യാതൊരു തടസ്സങ്ങളുമില്ലെന്ന വിവരവും അറിയിച്ചിട്ടുണ്ട്.

8. വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

ശ്രീ.വി.ആർ.ജ്യോതികുമാർ 02.02.1987 മുതൽ 31.05.2023 വരെ ക്ലാർക്കായി എസ്.എൻ.വി.എച്ച്.എസ് & വി.എച്ച്.എസ്.എസ്. അങ്ങാടിക്കൽ സ്കൂളിൽ സേവനമനുഷ്ഠിച്ചിരുന്നു. ടി സ്കൂളിൽ 2005 മെയ് മാസത്തിൽ ജില്ല ധനകാര്യ ഇൻസ്പെക്ഷൻ സ്ക്വാഡ് നടത്തിയ പരിശോധനയിൽ, എസ്.സി/എസ്.റ്റി,/ഒ.ബി.സി വിദ്യാർത്ഥികൾക്ക് 2001 മുതൽ 2005 വരെ വിതരണം ചെയ്ത ലംപ്സം ഗ്രാന്റ് തുകയിൽ ക്രമക്കേട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ 03.10.2008 മുതൽ മാനേജർ സസ്പെൻഡ് ചെയ്തു. പിന്നീട് 05.05.2009-ലെ 41308/T1/2008 പൊ.വി.വ കത്ത് പ്രകാരം ടിയാൻ 23.05.2009 മുതൽ സേവനത്തിൽ തിരികെ പ്രവേശിച്ചു. എന്നാൽ ഇതിനിടയിൽ വകുപ്പ് നിർദ്ദേശത്തെ തുടർന്ന് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ 30.04.2007-ൽ ഈ വിഷയത്തിന്മേൽ അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പോലീസ് വിജിലൻസ് നടത്തിയ അന്വേഷണത്തിൽ 5304/- രൂപയുടെ നഷ്ടം കണ്ടെത്തുകയും പ്രസ്തുത തുക ശ്രീ.വി.ആർ.ജ്യോതികുമാറിൽ നിന്നും ഈടാക്കിയെടുക്കുവാൻ 19.03.2015-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ബി1/8098/2015 കത്ത് പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തുക 5304/- രൂപയും പലിശ 7007/- രൂപയും അടച്ച് ചെലാൻ സമർപ്പിച്ചിരുന്നു.

പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസറുടെ കത്ത് നമ്പർ ബി3/5982/2015 തീയതി 08.07.2015 പ്രകാരം ടിയാന്റെ സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിനുള്ള ശിപാർശ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ അച്ചടക്കനടപടികളുടെ മധ്യത്തിൽ സർവ്വീസ് ക്രമീകരണത്തിനുള്ള ശിപാർശ നൽകിയ ജില്ല വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമവിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി ബി1/3371/2015 തീയതി 14.09.2015 കത്തിലൂടെ വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിരുന്നു.

ശ്രീ.വി.ആർ.ജ്യോതികുമാറിനെതിരായ അച്ചടക്കനടപടി പൂർത്തീകരിച്ച് വേലവിലക്ക് ക്രമീകരിച്ച വിവരം അറിയിക്കണമെന്ന് മാനേജരോട് 20.10.2018-ൽ പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസർ ആവശ്യപ്പെടുകയും, എന്നാൽ വേലവിലക്ക് ക്രമീകരിക്കുന്നതിനായി ടിയാന്റെ സേവനപുസ്തകം വിജിലൻസ് ഡി.വൈ.എസ്.പി ഓഫീസിലാണെന്നും മാനേജർ അറിയിച്ചിരുന്നു. പിന്നീട് മാനേജരുടെ 16.09.2019-ലെ ഉത്തരവ് നമ്പർ 29/2018 പ്രകാരം മാനേജർ ശ്രീ. വി.ആർ.ജ്യോതികുമാറിന്റെ വേലവിലക്ക് കാലം ക്രമീകരിച്ച് ഉത്തരവിറക്കി. ടി ഉത്തരവനുസരിച്ച് ടിയാനെ കുറ്റവിമുക്തനാക്കുകയും സസ്പെൻഷൻ തീയതി മുതൽ തന്നെ സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. എന്നാൽ മാനേജരുടെ ഉത്തരവിൽ പരാമർശിച്ചിരുന്ന പൊതു വിദ്യാഭ്യാസ (ഡി) വകുപ്പിന്റെ 25.05.2009, 28.08.2009 തിയതികളിലെ 41308/ഡി1/2008 നമ്പർ ഉത്തരവുകളും, ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവുകളും 02.04.2009-ൽ പോലീസ് ഇൻസ്പെക്ടർ കൈപ്പറ്റിയ ബി3/9344/2009 എന്ന മുൻ ഫയലിൽ ആയതിനാൽ ടി ഫയൽ തിരികെ ലഭിച്ചതിനുശേഷമേ തുടർനടപടി സാധ്യമാവുകയുള്ളൂ.

മാനേജരുടെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 19.09.2019 തീയതിയിൽ ടിയാന്റെ ശമ്പള പരിഷ്കരണത്തിനുള്ള അപേക്ഷ പ്രഥമാദ്ധ്യാപിക സമർപ്പിച്ചു. എന്നാൽ ശ്രീ.വി.ആർ.ജ്യോതികുമാറിന്റെ സസ്പെൻഷൻ സംബന്ധിച്ച ജില്ല വിദ്യാഭ്യാസ ഓഫീസറുടെ മുൻഫയൽ (B3/9344/2019) വിജിലൻസ് കൈവശമായതിനാൽ മാനേജരുടെ 16.09.2019-ലെ ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന കത്തുകളോ, നിർദ്ദേശങ്ങളോ പരിശോധിക്കാൻ കഴിയാത്തതിനാലും ടി വിഷയത്തിൽ ബഹു. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലും വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലും നടപടികൾ തുടരുന്നതിനാലും ടിയാന്റെ ഫിക്സേഷൻ പ്രൊപ്പോസലിൽ തുടർനടപടി സ്വീകരിച്ചില്ല.

പ്രഥമാദ്ധ്യാപിക സമർപ്പിച്ച ശമ്പള പരിഷ്കരണ പ്രൊപ്പോസലിൽ പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസർ നടപടി സ്വീകരിച്ചില്ലെന്ന കാരണത്താൽ ശ്രീ. വി.ആർ.ജ്യോതികുമാർ റിട്ട് പെറ്റീഷൻ നമ്പർ 35598/2019 ഫയൽ ചെയ്തു. ഈ റിട്ട് പെറ്റീഷന്റെ വിധിന്യായത്തിലെ ഒന്നാം കക്ഷിയായ ബഹു. ഗവൺമെന്റ് ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് തീരുമാനമെടുക്കാൻ നിർദ്ദേശിച്ച ടി വിഷയത്തിൽ 06.02.2020-ൽ പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ് സെക്രട്ടറിയുടെ ചേമ്പറിൽ ബന്ധപ്പെട്ട കക്ഷികളെ വിളിച്ചുചേർത്ത് കൂടിക്കാഴ്ച നടത്തുകയുണ്ടായി.

തിരുവനന്തപുരം വിജിലൻസ് ട്രൈബ്യൂണലിൽ വിസി 04/15 നമ്പരായി നടന്നുവരുന്ന ട്രൈബ്യൂണൽ എൻക്വയറിയുടെ തെളിവെടുപ്പിനായി 03.04.2019-ൽ ടിയാന്റെ കേസുമായി ബന്ധപ്പെട്ട ഫയൽ സമർപ്പിച്ചിരിക്കുകയാണെന്ന് 16.03.2020-ൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അറിയിച്ചിരുന്നു. ടി കേസിൽ തീരുമാനമാകുന്നതിന് മുൻപാണ് മാനേജർ ശ്രീ.വി.ആർ.ജ്യോതികുമാറിന്റെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി

പരിഗണിച്ചത്. കൂടാതെ WP(C) നമ്പർ 35598/2019 വിധിന്യായവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സെക്രട്ടറി നടത്തിയ കൂടിക്കാഴ്ച ഉത്തരവും ലഭിച്ചിട്ടില്ലാത്തതിനാൽ മാനേജരുടെ 16.09.2019-ലെ 29/2018 നമ്പർ ഉത്തരവ് സാധൂകരിക്കാൻ ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സാധിക്കുമായിരുന്നില്ല. ഈ വിവരം മാനേജരെ 29.07.2020-ലെ ബി3/8340/2019 നമ്പർ കത്തിലൂടെ ജില്ല വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിരുന്നു.

WP(C) നമ്പർ 35598/2019 കേസിലെ ബഹു.ഹൈക്കോടതിയുടെ 20.12.2019-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നടത്തിയ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ (എൻ) വകുപ്പ് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1653/2021/പൊ.വി.വ തീയതി 16.02.2021 പ്രകാരം ഉത്തരവായി. പരാതിക്കാരന്റെ സസ്പെൻഷനാധാരമായ വിഷയത്തിൽ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ, കോടതിവിധികളുടെ അടിസ്ഥാനത്തിലാണ് സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നത് എന്നതിനാൽ ശ്രീ.വി.ആർ.ജ്യോതികുമാറിന്റെ സസ്പെൻഷൻ കാലയളവ് ടിയാനെതിരെയുള്ള തിരുവനന്തപുരം വിജിലൻസ് ട്രൈബ്യൂണലിൽ 04/2015 നമ്പർ കേസിന്റെ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ക്രമീകരിക്കാനാവൂ എന്നതിനാൽ ശ്രീ.ജ്യോതികുമാറിന്റെ നിവേദനത്തിലെ ആവശ്യം പരിഗണിക്കാൻ നിർവാഹമില്ലാത്തതിനാൽ ടി നിവേദനം നിരസിച്ചതായിട്ടാണ് ഗവൺമെന്റ് ഉത്തരവായത്.

13.09.2021-ലെ G.O.(P) 75/2021 Fin അനുസരിച്ച്, പ്രീ-റിവൈസ്ഡ് സ്കെയിലിൽ തുടരുന്ന ജീവനക്കാരുടെ ശമ്പളം 2021 ഡിസംബർ വരെ മാത്രമേ തുടരാൻ കഴിയുകയുള്ളൂവെന്നും എന്നാൽ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്ന കേസുകളിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഡി.ഡി.ഒ സ്പാർക്കിൽ നൽകണമെന്ന നിർദ്ദേശവും ഉണ്ടായിരുന്നു. എന്നാൽ ടി നടപടി ഡി.ഡി.ഒ.(എച്ച്.എം)-യുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. ആയതിനാലാണ് ടിയാന്റെ ശമ്പളം 01.01.2022 മുതൽ മുടങ്ങിയത്.

വിജിലൻസ് കേസ് നമ്പർ 4/2015 തീയതി 30.03.2022 വിധിപ്രകാരം ശ്രീ. ജ്യോതികുമാർ കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും ടിയാന്റെ ഒരു ഇൻക്രിമെന്റ് രണ്ടുവർഷത്തേക്ക് താൽക്കാലികമായി തടയണമെന്ന് വിധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെ.ഇ.ആർ അധ്യായം XIV ചട്ടം 65(ii) പ്രകാരം അച്ചടക്കനടപടി സ്വീകരിക്കാൻ ജില്ല വിദ്യാഭ്യാസ ഓഫീസർ മാനേജർക്ക് നിർദ്ദേശം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഒരു ഇൻക്രിമെന്റ് തടഞ്ഞുകൊണ്ട് മാനേജരുടെ 05.05.2022-ലെ Mt/1-2022 നമ്പർ പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. ജ്യോതികുമാറിന്റെ 03.10.2008 FN മുതൽ 23.05.2009 AN വരെയുള്ള വേലവിലക്ക് കാലം ടിയാന് അർഹതയുള്ള പരിവർത്തിതാവധി/ അർദ്ധവേതനാവധി ഇവ രണ്ടുമല്ലെങ്കിൽ ശൂന്യവേതനാവധി എന്നിങ്ങനെ പരിഗണിച്ച് സേവനകാലം ക്രമപ്പെടുത്തിയ മാനേജരുടെ 08.10.2022-ലെ ഉത്തരവ് നമ്പർ M2/2-2022 പ്രകാരമുള്ള ജില്ല വിദ്യാഭ്യാസ ഓഫീസർ പത്തനംതിട്ടയുടെ നടപടി ഉത്തരവ് നമ്പർ B3/6322/2021 തീയതി 13.01.2023 പ്രകാരം സാധൂകരിച്ച് നൽകിയിട്ടുണ്ട്.

മാനേജരുടെ 08.10.2022-ലെ ടിയാന്റെ സർവ്വീസ് ക്രമീകരിച്ച ഉത്തരവ് നമ്പർ എം2/2-2022 പ്രകാരമുള്ള നടപടി ഉത്തരവ് ജില്ല വിദ്യാഭ്യാസ ഓഫീസർ പത്തനംതിട്ടയിൽ നിന്നും സാധൂകരിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ സസ്പെൻഷൻ കാലയളവ് ക്രമപ്പെടുത്തുന്നതിന് ടി

കാലയളവ് അർഹതപ്പെട്ട അവധിയായി നിജപ്പെടുത്തേണ്ടതാണ്. ആയതിലേക്ക് സേവനപുസ്തകം പ്രഥമാദ്ധ്യാപിക കൈവശം നൽകുകയും ടിയാളുടെ 15.02.2023-ലെ 205/2022-23 കത്ത് പ്രകാരം ടിയാന്റെ 233 ദിവസത്തെ വേലവിലക്ക് കാലത്തിൽ 76 ദിവസം അർദ്ധവേതനാവധിയായും ബാക്കി 157 ദിവസം ശൂന്യവേതനാവധിയായും ക്രമീകരിച്ച് സേവനപുസ്തകം ജില്ല വിദ്യാഭ്യാസ ഓഫീസർ പത്തനംതിട്ടയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ശ്രീ.ജ്യോതികുമാറിന്റെ സേവനപുസ്തകം പരിശോധിച്ചപ്പോൾ ടിയാന് (1) 19.02.2007-16.06.2007, (2) 19.06.2007-15.09.2007, (3) 18.09.2007-30.11.2007, (4) 02.12.2007-15.03.2008, (5) 18.12.2008-23.05.2009 (സസ്പെൻഷൻ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ചത്) എന്നിങ്ങനെ ശൂന്യവേതനാവധിയുണ്ട്. 1 മുതൽ 4 വരെയുള്ള കാലയളവിലെ ശൂന്യവേതനാവധി എടുത്തതിന്റെ മെഡിക്കൽ സർട്ടിഫിക്കറ്റ് സേവനപുസ്തകത്തിൽ പതിച്ചിട്ടില്ലാത്തതിനാൽ ടി കാലയളവ് നോൺ-ഡ്യൂട്ടിയായി പരിഗണിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ശമ്പള പരിഷ്കരണം 01.08.2021 തീയതി പ്രാബല്യത്തിൽ 77200/- രൂപയ്ക്ക് നിജപ്പെടുത്തി ബി3/6322/2021 തീയതി 24.03.2023 പ്രകാരം ഉത്തരവായിട്ടുണ്ട്.

ശ്രീ. ജ്യോതികുമാർ വി.ആർ.-ന്റെ അടുത്ത വാർഷിക ശമ്പള വർദ്ധനവ് സ്കൂൾ മാനേജർ നടപ്പിലാക്കിയ ശിക്ഷാവിധി ഉത്തരവിന് വിധേയമായി ക്രമപ്പെടുത്താനും, ടിയാന്റെ ശമ്പളവും, അരിയറുകളും ലഭിക്കുന്നതിനാവശ്യമായ തുടർനടപടി സ്വീകരിക്കാനും പ്രഥമാദ്ധ്യാപികയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>9. WP(C) No.6703/2020 നമ്പർ റിട്ട് പെറ്റീഷനിലെ 22.03.2023ലെ വിധി ന്യായം</u>

ശ്രീ.വി.ആർ. ജ്യോതികുമാർ ഫയൽ ചെയ്ത WP(C) No.6703/2020 നമ്പർ റിട്ട് പെറ്റീഷനിലെ 22.03.2023ലെ വിധി ന്യായ പ്രകാരം, പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13.01.2023ലെ ബി3-6322/2021 നം. ഉത്തരവിനെതിരെ ഹർജിക്കാരൻ സമർപ്പിച്ച 07.02.2023ലെ റിവിഷൻ പെറ്റീഷൻ (Ext P10) റിവിഷൻ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നതിനാണ് സർക്കാരിനോട് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ 05.10.2023 തീയതിയിൽ ഹിയറിംഗ് നടത്തി. ഹിയറിംഗ് സമയത്ത് ഹർജ്ജിക്കാരൻ ചുവടെ ചേർക്കുന്ന വാദങ്ങൾ ഉന്നയിച്ചു.

2004-2005 വർഷം ഒരു പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ ധനകാര്യ കണക്കു പരിശോധന വിഭാഗം സ്കൂളിൽ പരിശോധന നടത്തുകയും അതിൻപ്രകാരം അന്നത്തെ സ്കൂൾ പ്രഥമാദ്ധ്യാപകനും ക്ലാർക്കിനും എതിരായി ക്രമക്കേടുകൾ ആരോപിക്കുകയും രണ്ടു പേരെയും സസ്പെൻഷൻ നടപടിക്കു വിധേയരാക്കുവാനും നിർദ്ദേശം ഉണ്ടായി. ക്ളാർക്കിനെതിരെ അച്ചടക്ക നടപടി ആരംഭിച്ചുകൊണ്ട് 03.10.2008 മുതൽ വേലവിലക്കേർപ്പെടുത്തി മാനേജർ ഉത്തരവ് പുറപ്പെടുവിച്ചു.

പിന്നീട് സർക്കാർ തന്നെ ടി അന്വേഷണം സംബന്ധിച്ച തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഹർജിക്കാരനെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് അധികാരികൾക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വേലവിലക്ക് പിൻവലിച്ച് ഹർജിക്കാരനെ 24.05.2009 മുതൽ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചുകൊണ്ട് മാനേജർ ഉത്തരവ് പുറപ്പെടുവിക്കുകയും അപ്രകാരം 24.05.2009 ൽ തിരികെ

ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

പിന്നീട് സർക്കാർ/ഡിപ്പാർട്ട്മെന്റ് തലത്തിൽനിന്നും 03.10.2008 മുതൽ 23.05.2009 വരെയുള്ള വേലവിലക്കു കാലയളവ് ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച് മുഴുവൻ ആനുകൂല്യത്തോടെയും 29/2018 തീയതി 16.09.2019 ഉത്തരവ് പ്രകാരം വേലവിലക്കു കാലം ക്രമീകരിച്ച് മാനേജർ ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവ് അതേ ദിവസംതന്നെ അംഗീകാരത്തിനായി ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കുകയും ചെയ്തു. എന്നാൽ ടി ഉത്തരവിന് ജില്ലാ വിദ്യാഭ്യാസ ആഫീസർ നാളിതുവരെ അനുമതി നൽകുകയോ വിശദീകരണം തേടുകയോ നിരസിക്കുകയോ ചെയ്തിട്ടില്ല. ആയത് ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഓഫീസിൽ ശ്രദ്ധിക്കപ്പെടാതെയിരിക്കുന്നു.

സർക്കാർ ധനകാര്യ കണക്കുപരിശോധനാ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സസ്പെൻഡ് ചെയ്യപ്പെട്ട ശേഷം സേവനത്തിൽ പ്രവേശിപ്പിച്ചതിനെ തുടർന്ന് പരാതിക്കാർ രണ്ടാമതായി പോലീസ് വിജിലൻസിൽ ഇതേ പരാതി സമർപ്പിക്കുകയും പോലീസ് അന്വേഷണം നടത്തി വിജിലൻസ് ട്രൈബ്യൂണലിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. വിജിലൻസ് ട്രൈബ്യൂണൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിന് കൈമാറുകയും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവ് പ്രകാരവും ഹർജിക്കാരന്റെ ഒരു ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് താൽക്കാലികമായി തടഞ്ഞുകൊണ്ട് 05.05.2022-ലെ എം1-1/2022-ന്റെ ഉത്തരവ് പ്രകാരം മാനേജർ ശിക്ഷ നടപ്പിലാക്കിയിട്ടുള്ളതാണ്.

ഇതിനെ തുടർന്ന് ഹർജിക്കാരന്റെ വേലവിലക്കുകാലം ക്രമീകരിച്ച് നൽകിയ മുൻമാനേജരുടെ ഉത്തരവ് നിലനിൽക്കുമ്പോൾ തന്നെ 03.10.2008 മുതൽ 23.05.2009 വരെയുള്ള വേലവിലക്ക് കാലം അർഹതയുള്ള പരിവർത്തനാവധി/അർദ്ധവേതനാവധി ഇവ രണ്ടുമില്ലെങ്കിൽ ശൂന്യവേതനാവധി എന്നിങ്ങനെ പരിഗണിച്ച് വേലവിലക്കു കാലം ക്രമീകരിച്ച് വീണ്ടും നമ്പർ എം2/2022 തീയതി 08.10.2022 പ്രകാരം ഉത്തരവായിരിക്കുന്നു.

ടി ഉത്തരവിന്മേൽ ഹർജിക്കാരൻ കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 80 പ്രകാരം ജില്ലാ വിദ്യാഭ്യാസ ആഫീസർ മുമ്പാകെ 17.10.2022-ൽ അപ്പീൽ സമർപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ സ്റ്റാറ്റ്യൂട്ടറി അപ്പീൽ നിലനിൽക്കുമ്പോൾ തന്നെ അതു പരിഗണിക്കാതെയും ഹർജിക്കാരന്റെ വാദമുഖങ്ങൾ കേൾക്കാതെയും പരിശോധിക്കാതെയും ഉത്തരവിന് അനുമതി നൽകിക്കൊണ്ട് ബി3/6322/2021 തീയതി 13.01.2023-ാം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

ഹർജിക്കാരന്റെ 03.10.2008 മുതൽ 23.05.2009 വരെയുള്ള വേലവിലക്കും അച്ചടക്ക നടപടികളും ചട്ടപ്രകാരം പൂർത്തികരിച്ച് കുറ്റസ്ഥാപനം നടത്താൻ കഴിയാതിരുന്ന സാഹചര്യത്തിലാണ് ടി വേലവിലക്കുകാലം ഡ്യൂട്ടിയായി പരിഗണിച്ച് ആനുകൂല്യത്തോടെ ക്രമീകരിച്ചുത്തരവായിട്ടുള്ളത് കെ.എസ്.ആർ. ഭാഗം 1 ചട്ടം 56 ബി (3) ഇപ്രകാരമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. "സർവ്വീസിൽ തിരിച്ചെടുക്കുന്നതിനുള്ള ഉത്തരവ് പാസ്സാക്കാൻ പര്യാപ്തനായ അധികാരിക്ക്, സസ്പെൻഷൻ പൂർണ്ണമായും. നീതിപൂർവ്വകമല്ലെന്ന് അഭിപ്രായമുള്ളപ്പോൾ, ഉപചട്ടം (8)ലെ വ്യവസ്ഥകൾക്ക് വിധേയമായി, അയാളെ സസ്പെൻഡ് ചെയ്തില്ലായിരുന്നെങ്കിൽ

അയാൾക്കർഹതയുണ്ടാകുമായിരുന്ന മുഴുവൻ ശമ്പളവും ബത്തകളും അയാൾക്ക് നൽകേണ്ടതാണ്". ഇപ്രകാരം ചട്ടപ്രകാരം ഒരു മാനേജർ സ്വീകരിച്ചിട്ടുള്ള നടപടി നിലനിൽക്കുമ്പോൾ മറ്റൊരു മാനേജർക്ക് തന്റെ ഇഷ്ടപ്രകാരവും (whim and fancies) സ്വന്തമായ നീതിബോധത്തിന്റെയും അടിസ്ഥാനത്തിൽ വ്യത്യസ്തമായ മറ്റൊരുത്തരവ് പുറപ്പെടുവിക്കാനാവില്ല, ഇത് പകപോക്കലാണ്.

ഹർജിക്കാരന്റെ വേലവിലക്കും അച്ചടക്ക നടപടികളും ആരംഭിച്ചിട്ടുള്ളതും അവസാനിപ്പിച്ചിട്ടുള്ളതും ധനകാര്യ കണക്കുപരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെയും ഡിപ്പാർട്ട്മെന്റിന്റെയും ഉത്തരവിന്മേലാണ് വിജിലൻസ് ട്രൈബ്യൂണലിന്റെ റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിലെടുത്ത നടപടിയാണ് ഹർജിക്കാരന്റെ ഒരു ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് താൽക്കാലികമായി തടഞ്ഞുകൊണ്ട് മറ്റൊരു ശിക്ഷ നടപ്പിലാക്കിയത്. ഇതു രണ്ടും രണ്ട് വ്യത്യസ്തവും വേറിട്ടതുമായ നടപടികളുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ളതാണ്.

ഹർജിക്കാരനെതിരായി കെ.ഇ.ആർ, അദ്ധ്യായം 14എ ചട്ടം 65 4(iii)(a) പ്രകാരം 5,304/- രൂപാ വസൂലാക്കി നേരത്തെതന്നെ ശിക്ഷ നടപ്പിലാക്കിയിട്ടുള്ളതാണ്. ഇതിനു പുറമെയാണ് ഇപ്പോൾ ചട്ടം (2) പ്രകാരം ഇൻക്രിമെന്റ് താല്ക്കാലികമായി തടഞ്ഞുകൊണ്ട് ഉത്തരവായിട്ടുള്ളത്. ഒരേ കുറ്റത്തിന് വ്യത്യസ്തങ്ങളായ രണ്ട് ശിക്ഷ ഒരേ സമയം അടിച്ചേൽപ്പിച്ച രീതി നീതിന്യായ വ്യവസ്ഥയുടെ ചരിത്രത്തിൽ കേട്ടുകേഴ്വിയില്ലാത്തതാണ്.

മേൽ സൂചിപ്പിച്ച പ്രകാരം വിജിലൻസ് ട്രൈബ്യൂണലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇൻക്രിമെന്റ് തടഞ്ഞുകൊണ്ടുള്ള ഒരു ശിക്ഷാനടപടി സ്വീകരിച്ചിരിക്കെ അതേ കുറ്റത്തിന് രണ്ടാമതൊരു ശിക്ഷ നടപ്പിലാക്കിയിട്ടുള്ളതും ഇപ്പോൾ ഒരിക്കൽ ക്രമീകരിച്ചു ലഭിച്ച സേവനകാലം വീണ്ടും പരിഗണിച്ച് അർഹതപ്പെട്ട അവധി ശൂന്യവേതനാവധിയാക്കി മാറ്റിക്കൊണ്ടുള്ള മാനേജരുടെ നടപടിയും അതിന് അനുമതി നൽകിയ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവും നിയമവിരുദ്ധമായിട്ടുള്ളതാണ്. നിയമശാസ്ത്ര തത്വസംഹിതയ്ക്കു നിരക്കാത്തതും double jeopardy യുമാണ്.

ആയതിനാൽ 13.01.2023ലെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി3/6322/2021 നമ്പർ ഉത്തരവ് റദ്ദാക്കണമെന്ന് ഹർജിക്കാരൻ ആവശ്യപ്പെട്ടു.

ഹർജിക്കാരന് അർഹമായ ശമ്പള പരിഷ്കരണവും സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷനുകളും അനുവദിച്ചു നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നും

2022 ജനുവരി മുതൽ തടഞ്ഞുവച്ചിരിക്കുന്ന പ്രതിമാസ ശമ്പളം ഉടൻ നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ആഫീസർക്കും പ്രഥമാദ്ധ്യാപികയ്ക്കും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്നും

ഹർജിക്കാരന് വേലവിലക്കുകാലത്ത് ലഭിച്ച ഉപജീവന അലവൻസുകൾ അടക്കം വസൂലാക്കുന്നത് ഹർജിയിൽ അന്തിമ തീരുമാനമാകുന്നതുവരെ നിർത്തിവെയ്ക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ആഫീസർക്കും പ്രഥമാദ്ധ്യാപികയ്ക്കും നിർദ്ദേശം നൽകി ഉത്തരവ്

പുറപ്പെടുവിക്കണമെന്നും റിവിഷൻ പെറ്റിഷനിൽ അപേക്ഷിച്ചിട്ടുണ്ട്.

10. WP(C) No.28966/2023 നം. പെറ്റീഷനിൽ 12.09.2023 തീയതി പുറപ്പെടുവിച്ച വിധിന്യായം

ശ്രീ.ജോതികുമാർ, റിട്ട. ക്ലർക്ക്, എസ്.എൻ.വി.എച്ച്.എസ്.എസ്., അങ്ങാടിക്കൽ സൗത്ത്, പത്തനംതിട്ട ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.28966/2023 നം. പെറ്റീഷനിൽ 12.09.2023 തീയതി പുറപ്പെടുവിച്ച വിധിന്യായപ്രകാരം ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച Ext P9, P12, P16 റിവിഷൻ പെറ്റീഷനുകൾ ഹർജിക്കാരനെ നേരിൽ കേട്ട് തീർപ്പാക്കാൻ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. 06.12.2023 തീയതിയിൽ ഹർജിക്കാരനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേട്ടു. ഹർജിക്കാരൻ ചുവടെ ചേർക്കുന്ന അപേക്ഷകളാണ് ഹിയറിംഗ് സമയത്ത് ബോധിപ്പിച്ചിട്ടുള്ളത്.

1. ഹർജിക്കാരന്റെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകുക

2. ഹർജിക്കാരന്റെ 07/2009 മുതൽ 05/2023 വരെയുള്ള ശമ്പള കുടിശ്ശികയും, പ്രോവിഡന്റ് ഫണ്ട്, എസ്.എൽ.ഐ., ജി.ഐ.എസ്., ആർജിതാവധി ടെർമിനൽ സറണ്ടർ മുതലായ ആനുകൂല്യങ്ങൾ മാറി നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാൻ ഹെഡ്മിസ്ട്രസ്സ്, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർക്കു നിർദ്ദേശം നൽകുക.

11. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്

ശ്രീ.വി. ആർ. ജ്യോതികുമാർ 02/02/1987 മുതൽ 31/05/2023 വരെ ക്ലർക്കായി എസ്.എൻ. വി.എച്ച്.എസ്.എസ്. & വി.എച്ച്.എസ്.എസ്. അങ്ങാടിയ്ക്കൽ (എസ്) സ്കൂളിൽ സേവനമനുഷ്ഠിച്ചു. ടി സ്കൂളിൽ 2005 മെയ് മാസത്തിൽ ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ സ്ക്വാഡ് നടത്തിയ പരിശോധനയിൽ SC/ST/OBC വിദ്യാർത്ഥികൾക്ക് 2001 മുതൽ 2005 വരെ വിതരണം ചെയ്ത ലംപ്സംഗ്രാന്റ് തുകയിൽ ക്രമക്കേട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ 03/10/2008 മുതൽ മാനേജർ സസ്പെൻഡ് ചെയ്തു. പിന്നീട് 05/05/2009ലെ 41308/ടി1/2008 പൊ.വി.വ. കത്ത് പ്രകാരം ടിയാൻ 23/05/2009 മുതൽ സേവനത്തിൽ തിരികെ പ്രവേശിച്ചു. എന്നാൽ ഇതിനിടയിൽ വകുപ്പ് നിർദേശത്തെ തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 30/04/2007-ൽ ഈ വിഷയത്തിന്മേൽ അന്വഷണത്തിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പോലീസിലെ വിജിലൻസ് നടത്തിയ അന്വേഷണത്തിൽ 5,304/- രൂപയുടെ നഷ്ടം കണ്ടെത്തുകയും പ്രസ്തുത തുക ശ്രീ. വി.ആർ. ജ്യോതികുമാറിൽ നിന്നും ഈടാക്കിയെടുക്കുവാൻ 19/03/2015 ലെ ഈ ഓഫീസിലെ വിബി1/8095/15 കത്ത് പ്രകാരം ഉപഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 5,304/- രൂപയും പലിശ 7000/- രൂപയും അടച്ച് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ ചെലാൻ സമർപ്പിച്ചു.

പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസിലെ 08/07/2015 ലെ ബി3/5982/15 നം. കത്ത് പ്രകാരം ടിയാന്റെ സർവീസ് റഗുലറൈസ് ചെയ്യുന്നതിനുള്ള ശുപാർശ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലേക്ക് സമർപ്പിച്ചു. എന്നാൽ അച്ചടക്ക നടപടികളുടെ മധ്യത്തിൽ സർവീസ് ക്രമീകരിക്കുന്നതിനുള്ള ശുപാർശ നൽകിയ ജില്ലാ വിദ്യാഭ്യാസ ഓഫിസറുടെ നടപടി ക്രമവിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി 14/09/2015ലെ ബി1/3371/2015 നം കത്ത് പ്രകാരം വിദ്യാഭ്യാസ

ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും താക്കീതു നൽകുകയുണ്ടായി.

ശ്രീ വി.ആർ. ജ്യോതികുമാറിനെതിരെയുള്ള അച്ചടക്ക നടപടി പൂർത്തീകരിച്ച് വേലവിലക്ക് ക്രമീകരിച്ച വിവരം അറിയിക്കണമെന്ന് മാനേജറിനോട് 20/10/2018 ൽ പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടുകയും എന്നാൽ വേലവിലക്ക് ക്രമീകരിക്കാൻ ടിയാന്റെ സേവനപുസ്തകം ആവശ്യമുണ്ടെന്നും ആയത് വിജിലൻസ് ഡി.വൈ.എസ്.പി. ഓഫീസിൽ ആണെന്നും അറിയിച്ചിരുന്നു. പിന്നീട് 16/09/2019 ഉത്തരവ് നമ്പർ 29/2018 പ്രകാരം മാനേജർ ടിയാന്റെ വേലവിലക്ക് കാലം ക്രമീകരിച്ച് ഉത്തരവിറക്കി. പ്രസ്തുത ഉത്തരവിൽ ടിയാനെ കുറ്റ വിമുക്തനാക്കുകയും വേലവിലക്ക് തീയതി മുതൽ തന്നെ സർവീസിൽ തിരികെ പ്രവേശിക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. എന്നാൽ മാനേജരുടെ ഉത്തരവിൽ പരാമർശിച്ചിരുന്ന പൊ.വി. (ഡി) ഡിപ്പാർട്ട്മെൻറിന്റെ 25/05/2009, 28/08/2009 തീയതികളിലെ 41038/ഡി1/2008 നം. ഉത്തരവുകളും, ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവുകളും വിജിലൻസിന്റെ കൈവശമുള്ള ബി3/9344/2009 എന്ന മുൻ ഫയലിൽ ആയതിനാൽ ടി ഫയൽ തിരികെ ലഭിച്ചതിന് ശേഷമേ ഓഫീസിൽ തുടർ നടപടി സാധ്യമാവുകയുള്ളു.

മാനേജരുടെ മേൽ ഉത്തരവിൻന്റെ അടിസ്ഥാനത്തിൽ 19/09/2019 തീയതിയിൽ ടിയാന്റെ ശമ്പള പരിഷ്കരണത്തിനുള്ള അപേക്ഷ പ്രഥമാദ്ധ്യാപിക സമർപ്പിച്ചു. എന്നാൽ ജ്യോതികുമാറിനെതിരെയുള്ള വേലവിലക്ക് സംബന്ധിച്ച മുൻ ഫയൽ വിജിലൻസ് കൈവശം ആയതിനാലും ടി വിഷയത്തിൽ ഈ ഓഫീസിലും വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയത്തിലും നടപടികൾ തുടരുന്നതിനാലും ടിയാന്റെറെ ഫിക്സേഷൻ പ്രൊപ്പോസലിൽ തുടർ നടപടികൾ സ്വീകരിച്ചില്ല.

പ്രഥമാദ്ധ്യാപിക സമർപ്പിച്ച ശമ്പള പരിഷ്കരണ പ്രൊപ്പോസലിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടപടി സ്വീകരിച്ചില്ലായെന്ന കാരണത്താൽ ശ്രീ.ജ്യോതികുമാർ ബഹു. ഹൈക്കോടതിയിൽ റിട്ട്. പെറ്റീഷൻ നം.35598/2019 ഫയൽ ചെയ്തു. ഈ റിട്ട് പെറ്റീഷന്റെ വിധിന്യായത്തിൽ ഒന്നാം കക്ഷിയായ ബഹു. സർക്കാർ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു. ടി വിഷയത്തിൽ 06/02/2020ൽ പൊ.വി.(എൻ) വകുപ്പ് സെക്രട്ടറിയുടെ ചേംബറിൽ ബന്ധപ്പെട്ട കക്ഷികളെ വിളിച്ചു ചേർത്ത് കൂടിക്കാഴ്ച നടത്തുകയുണ്ടായി.

തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണലിൽ VC04/15 നമ്പറായി നടന്നു വരുന്ന ENQUIRY യുടെ തെളിവെടുപ്പിനായി 03/04/2019ൽ ടിയാന്റെ കേസുമായി ബന്ധപ്പെട്ട ഫയൽ സമർപ്പിച്ചിരിക്കുവാണെന്ന് 16/03/2020 ൽ DYSP ( വിജിലൻസ്) പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസിൽ അറിയിച്ചു. ടി കേസിൽ തീരുമാനമാകുന്നതിന് മുൻപാണ് മാനേജർ ശ്രീ.ജ്യോതികുമാറിന്റെ സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ചത്. കൂടാതെ റിട്ട് പെറ്റീഷൻ നം.35598/2019 വിധിന്യായത്തിനായി സർക്കാരിൽ നടത്തിയ കൂടിക്കാഴ്ചയുടെ ഉത്തരവും ഈ സമയം ലഭിച്ചിട്ടില്ലാത്തതിനാൽ മാനേജരുടെ ഉത്തരവ് സാധൂകരിക്കാൻ പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസിന് സാധിക്കുമായിരുന്നില്ല. ഈ വിവരം മാനേജരെ 29/07/2020ലെ ബി3/8340/19 നം. കത്തിലൂടെ അറിയിച്ചിരുന്നു.

റിട്ട് പെറ്റീഷൻ നം.35598/2019 നം. കേസിലെ ബഹു.ഹൈക്കോടതിയുടെ 20/12/2019-ലെ

വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടത്തിയ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ 16/02/2021ലെ പൊ.വി. (എൻ) വകുപ്പ് സ.ഉ (സാധാ) നം. 1653/2021/പൊവിവ നം. പ്രകാരം ഉത്തരവായി. പരാതിക്കാരന്റെ സസ്പെൻഷന് ആധാരമായി വിഷയത്തിൽ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ കോടതി വിധികളുടെ അടിസ്ഥാനത്തിലാണ് സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നത് എന്നതിനാൽ ശ്രീ.ജ്യോതികുമാറിന്റെ സസ്പെൻഷൻ കാലയളവ് ടിയാനെതിരെയുള്ള തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണലിൽ നിലനിൽക്കുന്ന VC04/2015 നമ്പർ കേസിന്റെ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ക്രമീകരിക്കാനാവൂ എന്നതിനാൽ ശ്രീ.ജ്യോതികുമാറിന്റെ നിവേദനത്തിൽ ആവശ്യം പരിഗണിക്കാതെ നിരസിച്ചുകൊണ്ട് കോടതി വിധിന്യായം സർക്കാർ നടപ്പിലാക്കി.

13/09/2021 ലെ ജി.ഒ (എഫ്) 75/2021ഫിൻ. അനുസരിച്ച് പ്രീ റിവൈസ്ഡ് സ്കെയിലിൽ തുടരുന്ന ജീവനക്കാരുടെ ശമ്പളം 2021 ഡിസംബർ വരെ മാത്രമേ തുടരാൻ കഴിയുകയുള്ളൂവെന്നും എന്നാൽ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്ന കേസുകളിൽ ആയത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഡി.ഡി.ഒ സ്പാർക്കിൽ നൽകണമെന്ന നിർദ്ദേശം ഉണ്ടായിരുന്നു. എന്നാൽ ടി നടപടി ഡി.ഡി.ഒ ആയ സ്കൂൾ പ്രഥമാദ്ധ്യാപികയുടെ ഭാഗത്തു നിന്ന് ഉണ്ടായില്ല. ആയതിനാലാണ് ടിയാൻറെ ശമ്പളം 01/01/2022 മുതൽ മുടങ്ങിയത്.

വിജിലൻസ് കേസ് നം. 04/2015 തീയതി 30/03/2021 ലെ വിധി പ്രകാരം ശ്രീ. ജ്യോതികമാർ കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും ടിയാൻ താൽക്കാലികമായി ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് തടയണമെന്ന് വിധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെ.ഇ.ആർ. അദ്ധ്യായം XIV ചട്ടം 65 (II) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഒരു ഇൻക്രിമെന്റ് രണ്ടു വർഷത്തേക്ക് താൽക്കാലികമായി തടഞ്ഞുകൊണ്ട് മാനേജരുടെ 05/05/2022 ലെ M1/1-2022 നമ്പർ പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. കൂടാതെ ശ്രീ. ജ്യോതികുമാറിന്റെ 03/10/2008 FN മുതൽ 23/05/2009 AN വരെയുള്ള വേലവിലക്ക് കാലം ടിയാന് അർഹതയുള്ള പരിവർത്തിതാവധി/അർധവേതനവധി ഇവ രണ്ടുമല്ലെങ്കിൽ ശൂന്യവേതനവധി എന്നിങ്ങനെ പരിഗണിച്ച് സേവനകാലം ക്രമപ്പെടുത്തിയ മാനേജരുടെ 08/10/2022 ലെ ഉത്തരവ് നമ്പർ M2/2-2022 നടപടി ഉത്തരവ് പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസിലെ ഉത്തരവ് ബി3/6322/21 തീയതി 13/01/2023 പ്രകാരം സാധൂകരിച്ച് നൽകിയിട്ടുണ്ട്.

മാനേജരുടെ ഉത്തരവ് സാധൂകരിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ സസ്പെൻഷൻ കാലയളവ് ക്രമപ്പെടുത്തുവാൻ ടി കാലയളവ് അർഹതപ്പെട്ട അവധിയായി നിജപ്പെടുത്താൻ പ്രഥമാദ്ധ്യാപികയ്ക്ക് നിർദ്ദേശം നൽകി. അങ്ങനെ ടിയാന്റെ 233 ദിവസത്തെ വേലവിലക്ക് കാലയളവിൽ 76 ദിവസം അർധവേതനാവധിയായും ബാക്കി 157 ദിവസം ശൂന്യവേതനാവധിയായും ക്രമീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ശമ്പളം 01/08/2021 തീയതി പ്രാബല്യത്തിൽ 77.200/-രൂപക്ക് നിജപ്പെടുത്തി നൽകിയിട്ടുണ്ട്.

ശ്രീ.ജ്യോതികുമാർ (റിട്ട. ക്ലർക്ക്) എസ്.എൻ.വി. എച്ച്.എസ്.എസ്. അങ്ങാടിയ്ക്കൽ-ന്റെ വേതനം 01/08/2021 തീയതി പ്രാബല്യത്തിൽ 77,200/- രൂപയ്ക്ക് നിജപ്പെടുത്തി നൽകിയിരുന്നു. ടിയാന്റെ അടുത്ത വാർഷിക ശമ്പള വർദ്ധനവ് സ്കൂൾ മാനേജർ നടപ്പിലാക്കിയ ശിക്ഷാവിധി ഉത്തരവിന് വിധേയമായി ക്രമപ്പെടുത്താനും ടിയാന്റെ ശമ്പളവും അരിയറുകളും

ലഭിക്കുന്നതിനാവശ്യമായ തുടർ നടപടി സ്വീകരിക്കാനും പ്രഥമാധ്യാപികയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രഥമാധ്യാപിക സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്തത് സംബന്ധിച്ച് താഴെ ചേർക്കുന്നു.

01/2022 മുതൽ ശമ്പളം ലഭിക്കാതിരുന്ന ശ്രീ. ജ്യോതികുമാറിന് 2022 ജനുവരിയിലെ ശമ്പളം 01/07/2014 പേ റിവിഷൻ പ്രകാരം നിജപ്പെടുത്തി 43,600/-രൂപ അടിസ്ഥാന ശമ്പളത്തിൽ 08/05/2023 ലും 02/2022മുതൽ 12/2022 വരെയുള്ള മാസങ്ങളിലെ ശമ്പളവും 01/08/2015ലെ 27 വർഷത്തെ ഗ്രേഡും 01/08/2017ലെ ഇൻക്രിമെന്റും ഉൾപ്പെടെ 50.400/-രൂപ അടിസ്ഥാന ശമ്പള ക്രമത്തിൽ 22/05/2023, 05/06/2023 എന്നീ തിയതികളിലും, 1/2023 മുതൽ 5/2023 വരെയുള്ള ശമ്പളം 01/08/2018 ലെ ഇൻക്രിമെന്റ് ഉൾപ്പെടെ 51,600/- രൂപ അടിസ്ഥാന ശമ്പളത്തോടെ 05/06/2023 ലും ബിൽ മാറി നൽകിയതായി അറിയിച്ചിട്ടുണ്ട്.

ടിയാന്റെ ആർജ്ജിതാവധി അക്കൗണ്ട് പ്രകാരം അർഹതയുണ്ടായിരുന്ന ടെർമിനൽ സറണ്ടർ നിലവിൽ വാങ്ങിയ അടിസ്ഥാന ശമ്പള ക്രമത്തിൽ 7,16,760/- രൂപയുടെ ടെർമിനൽ സറണ്ടർ ബിൽ 13/10/2023 ൽ പ്രഥമാധ്യാപിക എൻക്യാഷ് ചെയ്ത് നൽകിയിട്ടുണ്ട്.

തുടർന്ന് 01/2012 മുതൽ 06/2014 വരെ (Rs.2,12.302/-), 7/2014 മുതൽ 1/2016 വരെ ( Rs.3,23.516/-) എന്നീ കാലയളവിലെ ഫിക്സേഷൻ കുടിശിക ബില്ലിൽ 8/2013 ലെ ഇൻക്രിമെന്റിന്റെ തുക തെറ്റായി വരുകയും പിന്നീട് ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അംഗീകാരത്തോടെ വീണ്ടും ടി ബിൽ പ്രോസസ് ചെയ്ത് സമർപ്പിക്കുകയും Arrear noting ഉൾപ്പെടെ പരിശോധിച്ച് അനുമതി ലഭിച്ച ബിൽ 17/10/2023 ൽ encash ചെയ്ത് പ്രഥമാധ്യാപിക നൽകിയതായി അറിയിച്ചിട്ടുണ്ട്.

2/2016 മുതൽ 6/2019 വരെയുള്ള പേഫിക്സേഷൻ ബിൽ സ്പാർക്കിൽ പ്രോസസ് ചെയ്തതിൽ 2/16 to 4/16, 7/16, 1/17 to 3/17 എന്നീ മാസങ്ങളിലെ Due amount DA തെറ്റായി കാണിച്ചതിനാൽ, Spark PMU Officer ന് മേൽ സൂചിപ്പിച്ച അപാകത ചൂണ്ടിക്കാട്ടി ബില്ലിന്റെ പകർപ്പ് ഉൾപ്പെടെ 12/10/23 ൽ പ്രഥമാധ്യാപിക മെയിൽ ചെയ്തിട്ടുണ്ട്. ടി അപാകത സ്പാർക്കിൽ നിന്നും പരിഹരിച്ച് ലഭിക്കുമ്പോൾ 2/2016 മുതൽ 6/2019 വരെയുള്ള കാലയളവിലെ കുടിശിക ബില്ലും 7/2019 മുതലുള്ള പേ റിവിഷൻ ആനുകൂല്യങ്ങളും ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് പ്രഥമാധ്യാപിക റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

01/07/2009 മുതൽ 12/11 വരെയുള്ള കടിശിക ബിൽ സ്പാർക്ക് നിലവിൽ വരുന്നതിന് മുൻപുള്ള കാലയളവ് ആയതിനാൽ മാന്വൽ ബില്ലായി മാത്രമേ പ്രോസസ് ചെയ്യാൻ സാധിക്കുകയുള്ളൂ. മാത്രമല്ല 01/07/2014 ശമ്പള പരിഷ്കരണം വരെയുള്ള എല്ലാ കുടിശിക ബില്ലുകളും മാറി നൽകി പൂർത്തീകരിച്ചുകൊണ്ടു മാത്രമേ 01/07/2019 ലെ ശമ്പള പരിഷ്കരണം സ്പാർക്കിൽ നടത്താൻ കഴിയുകയുള്ളൂയെന്നും പ്രഥമാധ്യാപിക അറിയിച്ചിട്ടുണ്ട്.

ശ്രീ. ജ്യോതികുമാറിന്റെ പെൻഷൻ അപേക്ഷ രേഖകൾ സമർപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട് 17/08/2022, 18/04/2023, 23/05/2023, 11/08/2023, 10/10/2023 എന്നീ തീയതികളിൽ പ്രഥമാദ്ധ്യാപിക രജിസ്റ്റേർഡ് കത്ത് മുഖേന അറിയിച്ചുവെങ്കിലും ടിയാൻ മറുപടിയൊന്നും നൽകിയിട്ടില്ലായെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൂടാതെ KASEPF Closure അപേക്ഷയും, അനുബന്ധ രേഖകളിലും ഒപ്പിടാൻ എത്തണമെന്നും SLI, GIS എന്നിവയുടെ പാസ് ബുക്ക് തുടർ

നടപടികൾ സ്വീകരിക്കുന്നതിനായി സ്കൂളിൽ നൽകണമെന്നുള്ള 10/10/23 രജിസ്റ്റേഡ് കത്തിലും. നാളിതുവരെ പ്രതികരിച്ചിട്ടില്ലായെന്നാണ് പ്രഥമാധ്യാപിക റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നീ വിവരങ്ങളാണ് 05.12.2023 തീയതിയിലെ റിപ്പോർട്ട് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ശ്രീ.ജ്യോതി കുമാർ.വി.ആർ ന്റെ പെൻഷൻ അപേക്ഷ അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട് എന്ന് 11.09.2024 തീയതിയിലെ കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

12. ഈ വിഷയം പരിശോധിച്ചതു സംബന്ധിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.

ശ്രീ.വി.ആർ. ജ്യോതികുമാർ 02/02/1987 മുതൽ 31/05/2023 വരെ ക്ലർക്കായി എസ്.എൻ. വി.എച്ച്.എസ്.എസ്. & വി.എച്ച്.എസ്.എസ്. അങ്ങാടിയ്ക്കൽ (എസ്) സ്കൂളിൽ സേവനമനുഷ്ഠിച്ചു. ടി സ്കൂളിൽ 2005 മെയ് മാസത്തിൽ ജില്ലാ ധനകാര്യ ഇൻസ്പെക്ഷൻ സ്ക്വാഡ് നടത്തിയ പരിശോധനയിൽ SC/ST/OBC വിദ്യാർത്ഥികൾക്ക് 2001 മുതൽ 2005 വരെ വിതരണം ചെയ്ത ലംപ്സംഗ്രാന്റ് തുകയിൽ ക്രമക്കേട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ 03/10/2008 മുതൽ മാനേജർ സസ്പെൻഡ് ചെയ്തു. പിന്നീട് 05/05/2009ലെ 41308/ടി1/2008 പൊ.വി.വ. കത്ത് പ്രകാരം ടിയാൻ 23/05/2009 മുതൽ സേവനത്തിൽ തിരികെ പ്രവേശിച്ചു. എന്നാൽ ഇതിനിടയിൽ വകുപ്പ് നിർദേശത്തെ തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 30/04/2007-ൽ ഈ വിഷയത്തിന്മേൽ അന്വഷണത്തിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. പോലീസിലെ വിജിലൻസ് നടത്തിയ അന്വേഷണത്തിൽ 5,304/- രൂപയുടെ നഷ്ടം കണ്ടെത്തുകയും പ്രസ്തുത തുക ശ്രീ. വി.ആർ. ജ്യോതികുമാറിൽ നിന്നും ഈടാക്കിയെടുക്കുവാൻ 19/03/2015 ലെ ഈ ഓഫീസിലെ വിബി1/8095/15 കത്ത് പ്രകാരം ഉപഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 5,304/- രൂപയും പലിശ 7000/- രൂപയും അടച്ച് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ ചെലാൻ സമർപ്പിച്ചു. തുടർന്ന് വിജിലൻസ് കേസ് നം. 04/2015 തീയതി 30/03/2021 ലെ വിധി പ്രകാരം ശ്രീ. ജ്യോതികമാർ കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും ടിയാന്റെ ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് താൽക്കാലികമായി തടയണമെന്ന് വിധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെ.ഇ.ആർ. അദ്ധ്യായം XIV ചട്ടം 65 (II) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഒരു ഇൻക്രിമെന്റ് രണ്ടു വർഷത്തേക്ക് താൽക്കാലികമായി തടഞ്ഞുകൊണ്ട് മാനേജരുടെ 05/05/2022 ലെ M1/1-2022 നമ്പർ പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. കൂടാതെ ശ്രീ. ജ്യോതികുമാറിന്റെ 03/10/2008 FN മുതൽ 23/05/2009 AN വരെയുള്ള വേലവിലക്ക് കാലം ടിയാന് അർഹതയുള്ള പരിവർത്തിതാവധി/അർധവേതനാവധി ഇവ രണ്ടുമല്ലെങ്കിൽ ശൂന്യവേതനവധി എന്നിങ്ങനെ പരിഗണിച്ച് സേവനകാലം ക്രമപ്പെടുത്തിയ മാനേജരുടെ 08/10/2022 ലെ ഉത്തരവ് നമ്പർ M2/2-2022 നടപടി ഉത്തരവ് പത്തനംതിട്ട ജില്ല വിദ്യാഭ്യാസ ഓഫീസിലെ ഉത്തരവ് ബി3/6322/21 തീയതി 13/01/2023 പ്രകാരം സാധൂകരിച്ച് നൽകിയിട്ടുണ്ട്.

13. ഒരേ കുറ്റത്തിന് ഇപ്രകാരം രണ്ട് പ്രാവശ്യം ശിക്ഷ നല്കിയത് double jeopardy ആണെന്നും

"ഹർജിക്കാരന്റെ വേലവിലക്കും അച്ചടക്ക നടപടികളും ആരംഭിച്ചിട്ടുള്ളതും അവസാനിപ്പിച്ചിട്ടുള്ളതും ധനകാര്യ കണക്കുപരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെയും

ഡിപ്പാർട്ട്മെന്റിന്റെയും ഉത്തരവിന്മേലാണ്. വിജിലൻസ് ട്രൈബ്യൂണലിന്റെ റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിലെടുത്ത നടപടിയാണ് ഹർജിക്കാരന്റെ ഒരു ഇൻക്രിമെന്റ് രണ്ട് വർഷത്തേക്ക് താൽക്കാലികമായി തടഞ്ഞുകൊണ്ട് മറ്റൊരു ശിക്ഷ നടപ്പിലാക്കിയത്. ഇതു രണ്ടും രണ്ട് വ്യത്യസ്തവും വേറിട്ടതുമായ നടപടികളുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ളതാണ്. ഹർജിക്കാരനെതിരായി കെ.ഇ.ആർ, അദ്ധ്യായം 14എ ചട്ടം 65 4(iii)(a) പ്രകാരം 5,304/- രൂപാ വസൂലാക്കി നേരത്തെതന്നെ ശിക്ഷ നടപ്പിലാക്കിയിട്ടുള്ളതാണ്. ഇതിനു പുറമെയാണ് ഇപ്പോൾ ചട്ടം (2) പ്രകാരം ഇൻക്രിമെന്റ് താല്ക്കാലികമായി തടഞ്ഞുകൊണ്ട് ഉത്തരവായിട്ടുള്ളത്. ആയതിനാൽ 13.01.2023ലെ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി3/6322/2021 നമ്പർ ഉത്തരവ് റദ്ദാക്കണമെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുണ്ട്." എന്നീ വാദങ്ങളാണ് ഹർജിക്കാരൻ ഉന്നയിച്ചിട്ടുള്ളത്.

എസ് എൻ വി എച്ച് എസ് ലെ ക്ലാർക്കായ ശ്രീ വി ആർ ജ്യോതികമാറിനെ 03/10/2008 മുതൽ 22/09/2009 വരെ വേലവിലക്കിൽ നിർത്തിയെങ്കിലും സമയബന്ധിതമായി അച്ചടക്ക നടപടി ആരംഭിച്ചിരുന്നില്ല. സർക്കാരിൽ നിന്നുള്ള 05/05/2009 ലെ 41308/ടി1/2008/പൊ.വി.വ. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള എല്ലാ നടപടികളും നിർത്തിവെയ്ക്കുന്നതിന് നിർദ്ദേശിക്കുകയും ടി നിർദേശത്തിൻ്റെ അടിസ്ഥാനത്തിൽ 23/09/2009 ന് ടിയാൻ തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ഇതിനിടയിൽ വകുപ്പ് നിർദ്ദേശത്തെ തുടർന്ന് വിജിലൻസ് & ആൻ്റി കറപ്ഷൻ ബ്യൂറോ 30/04/2007 ന് അന്വേഷണ നടപടികൾ സ്വീകരിക്കുകയും പോലീസ് വിജിലൻസ് നടത്തിയ അന്വേഷണത്തിൽ ₹5,304/- രൂപയുടെ നഷ്ടം കണ്ടെത്തുകയും പ്രസ്തുത തുകയും ആയതിന്റെ പലിശയിനത്തിൽ 1000/- രൂപയും ചേർത്ത് ടിയാൻ തിരിച്ചടയ്ക്കുകയും ചെയ്തു. എന്നാൽ മേൽ തുക തിരിച്ചടച്ചത് ടിയാനെതിയായി സ്വീകരിച്ച അച്ചടക്ക നടപടിയുടെ ഭാഗമായിട്ടല്ലെന്ന് കാണുന്നു. ടിയാനെ വേലവിലക്കിൽ നിർത്തിയെങ്കിലും സമയബന്ധിതമായി അച്ചടക്ക നടപടി ആരംഭിക്കുകയോ ആയത് പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. ടി സ്കൂൾ മാനേജരുടെ 16/09/2019 ലെ 29/2018 നമ്പർ നടപടി ഉത്തരവ് പ്രകാരം ടിയാന്റെ 03/10/2008 മുതൽ 22/05/2009 വരെയുള്ള വേലവിലക്ക് കാലം ക്രമീകരിച്ച് ഉത്തരവാകുക മാത്രമാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ സർക്കാരിനുണ്ടായ നഷ്ടമായ 5,304/- വസൂലാക്കിയുട്ടുള്ളത് ടിയാനെതിരെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടു ആരംഭിച്ച അച്ചടക്ക നടപടി പൂർത്തീകരിച്ചുകൊണ്ടു competent authority പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.ഇ.ആർ, അദ്ധ്യായം 14എ ചട്ടം 65 4(iii) (a) പ്രകാരമുള്ള ശിക്ഷ നടപടിയല്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. കൂടാതെ പൊതുവിദ്യാഭ്യാസ(എൻ) വകുപ്പിൽ നിന്നുള്ള 26/10/2021 എൻ2/16/2020/പൊ.വി.വ. നമ്പർ കത്ത് പ്രകാരം വിജിലൻസ് ട്രൈബ്യൂണലിന്റെ അന്വേഷണ റിപ്പോർട്ട് അയച്ചുനൽകുകയും ടിയാനെതിരെ കെ.ഇ.ആർ. അദ്ധ്യായം XIV ചട്ടം 65(1) പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം മാനേജർക്ക് നല്കുന്നതിന് നിർദ്ദേശിക്കുകയും ആയതിൻ്റെ അടിസ്ഥാനത്തിലാണ് മാനേജർ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കെ.ഇ.ആർ, അദ്ധ്യായം 14എ ചട്ടം 65 ൽ ഉചിതവും മതിയായതുമായ കാരണങ്ങളാൽ നൽകാവുന്ന ഏതൊക്കെ ശിക്ഷകൾ ഉണ്ട് എന്നത് സംബന്ധിച്ച് മാത്രമാണ് പ്രതിപാദിക്കുന്നത്. പ്രസ്തുത ശിക്ഷകളിൽ ഏതെങ്കിലും ഒന്ന് മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ എന്ന് പറയുന്നില്ല. ആയതിനാൽ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ഹർജിക്കാരനിൽ നിന്നും

ഈടാക്കുന്നതിനൊപ്പം അച്ചടക്ക നടപടിയിൽ കൃത്യവിലോപം നടത്തിയതായി കണ്ടെത്തിയാൽ ആയതിനു ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതു double jeopardy ആകുന്നതല്ല.

14. മേൽ സാഹചര്യത്തിൽ , ഹർജിക്കാരനെതിരെ സ്വീകരിച്ച നടപടികൾ double jeopardy ആകുന്നതല്ലെന്നും ടിയാൾക്ക് അനുവദനീയമായ പെൻഷനറി ആനുകൂല്യങ്ങളും മറ്റും ക്രമപ്രകാരം അനുവദിച്ചുനല്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും അപ്രകാരം ശ്രീ.വി.ആർ.ജ്യോതികുമാർ ഫയൽ ചെയ്ത 6703/2020, 17120/2023, 28966/2023 നമ്പർ റിട്ട് ഹർജികളിന്മേൽ യഥാക്രമം 22.03.2023, 30.05.2023, 12.09.2023 തീയതികളിൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായങ്ങൾ പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രഞ്ജൻ രാജ് ആർ പി
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീ.വി.ആർ.ജ്യോതികുമാർ, വല്യുഴ്ത്തു പുത്തൻ വീട്, അങ്ങാടിക്കൽ സൗത്ത്, പത്തനംതിട്ട - 691555
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട
മാനേജർ, എസ്.എൻ.വി.എച്ച്.എസ്.എസ്. & വി.എച്ച്.എസ്.എസ്., അങ്ങാടിക്കൽ സൗത്ത്, കൊടുമൺ, പത്തംതിട്ട- 691 555
വൈസ് പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ, എസ്.എൻ.വി.എച്ച്.എസ്.എസ്. & വി.എച്ച്.എസ്.എസ്., അങ്ങാടിക്കൽ സൗത്ത്, കൊടുമൺ, പത്തംതിട്ട- 691 555
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 04-07-2025 14:06:51
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.